# പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.61** — 26.11.2008-ൽ മറുപടിക്ക്

### 'ഡിഫ്തീരിയ പ്രതിരോധ വാക്സിന്റെ ദൗർലഭ്യം'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീ. എം. ഹംസ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) കുട്ടികൾക്കുള്ള ഡിഫ്തീരിയ പ്രതിരോധ വാക്സിന് സർക്കാർ ആശുപത്രികളിൽ കടുത്ത ക്ഷാമമുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. ഒക്ടോബർ മുതൽ ഭാഗികമായി വാക്സിൻ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. |
| ബി) വാക്സിൻ ദൗർലഭ്യതയ്ക്കുള്ള കാരണം വ്യക്തമാക്കുമോ; | ബി) കേന്ദ്ര സർക്കാരിന്റെ ദേശീയ രോഗപ്രതിരോധ പരിപാടിയുടെ ഭാഗമായി കേന്ദ്ര സർക്കാരാണ് സംസ്ഥാനങ്ങൾക്ക് ആവശ്യമായ വാക്സിൻ നൽകുന്നത്. വാക്സിൻ ഉൽപാദിപ്പിച്ചിരുന്ന പൊതുമേഖലാ യൂണിറ്റുകൾ കേന്ദ്ര സർക്കാർ ബദൽ സംവിധാനം ഏർപ്പെടുത്താതെ അടച്ചുപൂട്ടിയതിനെത്തുടർന്നാണ് ക്ഷാമം തുടങ്ങിയത്. |
| സി) അടുത്ത കാലത്തായി ഡിഫ്തീരിയ രോഗബാധമൂലം കുട്ടികൾ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് ഡിഫ്തീരിയ വാക്സിനേഷൻ നടത്തിയിരുന്നോ എന്ന് വെളിപ്പെടുത്തുമോ; | സി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2008 ഒക്ടോബർ അവസാനംവരെ സംസ്ഥാനത്ത് 17 ഡിഫ്തീരിയ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (മലപ്പുറം - 14, തൃശ്ശൂർ-1, കോഴിക്കോട് - 1, തിരുവനന്തപുരം-1) ഇതിൽ നാല് കുട്ടികൾ മരണമടയുകയുണ്ടായി (മലപ്പുറം -2, തൃശ്ശൂർ-1, തിരുവനന്തപുരം-1). ഇവരിൽ തിരുവനന്തപുരം ജില്ലയിലെ കുട്ടിക്ക് വാക്സിനേഷൻ ഭാഗികമായി നടത്തിയിട്ടുണ്ട്. മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ കുട്ടികൾക്ക് ഡിഫ്തീരിയ വാക്സിനേഷൻ നടത്തിയിരുന്നില്ല. |
| ഡി) വാക്സിൻ ദൗർലഭ്യം എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | ഡി) വാക്സിൻക്ഷാമം അനുഭവപ്പെടുവാൻ തുടങ്ങിയപ്പോൾതന്നെ കേന്ദ്ര സർക്കാരിനെ വിവരം അറിയിച്ചു. മന്ത്രിയെന്ന നിലയിൽ പ്രധാനമന്ത്രിയ്ക്കും കേന്ദ്ര ആരോഗ്യ മന്ത്രിക്കും നിവേദനം നൽകി. ആരോഗ്യവകുപ്പ് സെക്രട്ടറിയും ഡയറക്ടറും പ്രശ്നത്തിന്റെ ഗൗരവാവസ്ഥ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് തുടരെത്തുടരെ കേന്ദ്രത്തിന് കത്തയച്ചതിനെത്തുടർന്നാണ് ഒക്ടോബർമാസം അവസാനം ഭാഗികമായ തോതിലെങ്കിലും വിതരണം തുടങ്ങിയത്. അടുത്ത 45 ദിവസത്തേക്കുള്ള സ്റ്റോക്ക് ഇപ്പോൾ ഉണ്ട്. അടുത്ത മാസം വീണ്ടും വാക്സിൻ നൽകാമെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്. |

K Sudha
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 62

26.11.2008-ൽ മറുപടിക്ക്

## സെസ്സുകളെ നിയന്ത്രിക്കുവാൻ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. കെ അച്ചുതൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തു സ്ഥാപിക്കുന്ന സെസ്സുകളെ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ മതിയാകുമെന്ന് കരുതുന്നുണ്ടോ ;<br><br>(ബി) എങ്കിൽ സെസ്സുകളുടെ പ്രവർത്തനത്തെ ഏതെല്ലാം നിയമ വ്യവസ്ഥ കൊണ്ട് നിയന്ത്രിക്കാമെന്നാണ് കരുതുന്നതെന്നു വ്യക്തമാക്കാമോ ? | (എ) യും (ബി) യും.<br><br>സംസ്ഥാനത്ത് സ്ഥാപിക്കുന്ന സെസ്സുകളെ നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാരിന്റെ സെസ്സ് നയം പര്യാപ്തമാണ്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ സെസ്സ് ആക്ട് 2005-ലൂടെയും, സെസ്സ് റൂൾസ് 2006-ലൂടെയും 06.10.2008 -ന് സംസ്ഥാന സർക്കാർ അംഗീകരിച്ച സെസ്സ് നയത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് സ്ഥാപിക്കുന്ന സെസ്സുകളെ നിയന്ത്രിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 63. 26.11.2008 -ൽ മറുപടിയ്ക്ക്

## ഹൈക്കോടതി ബഞ്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് : | ശ്രീ. എം. വിജയകുമാർ, |
| ശ്രീ. ആനത്തലവട്ടം ആനന്ദൻ : | (നിയമവും പാർലമെന്ററി കാര്യവും |
| ശ്രീമതി. ജെ. അരുന്ധതി : | സ്പോർട്സും യുവജനക്ഷേമവും |
| ശ്രീ. വി. ശിവൻ കുട്ടി : | തുറമുഖവും വകുപ്പുമന്ത്രി) |
| ശ്രീ. വി.ജെ. തങ്കപ്പൻ : | |
| (എ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | 1956-ലെ State Reorganisation Act- ലെ 51-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുന്നതിനുള്ള എല്ലാ നടപടി-ക്രമങ്ങളും സംസ്ഥാന സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനി തീരുമാനം എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. കൂടാതെ 29-9-2008-ൽ ചേർന്ന മന്ത്രിസഭായോഗം നിർദ്ദിഷ്ട ഹൈക്കോടതി ബഞ്ചിന്റെ ആസ്ഥാനമായി വഞ്ചിയൂരിലെ കോടതിയോട് ചേർന്നുള്ള പഴയ കളക്ട്രേറ്റ് മന്ദിരം മാറ്റി വയ്ക്കുന്നതിനായി തീരുമാനിച്ചു. 18-11-2008-ലെ സർക്കാർ ഉത്തരവ് (സാ)3630/08/റവന്യൂ പ്രകാരം ഹൈക്കോടതി ബഞ്ചിനായി ബഡ്ജറ്റിൽ വകയിരുത്തി-യിട്ടുള്ള 50 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപ കെട്ടിടം പുതുക്കി പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

(ബി) ബഞ്ച് പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി ആവശ്യമായിട്ടുള്ളത് ;

ബഞ്ച് പുനഃസ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും സാധ്യമായ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയായിട്ടുണ്ട്.

(സി) ഹൈക്കോടതി ബഞ്ചിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇനി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടോ ;

(ഡി) ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെട്ട നിവേദക സംഘത്തിന് പ്രധാന മന്ത്രി ഉറപ്പു നൽകിയിട്ടുണ്ടോ ?

16-8-2006-ൽ സംസ്ഥാന മന്ത്രി സഭായോഗം തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാൻ നടപടി എടുക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി സർക്കാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ട് വന്നു. കേന്ദ്ര സർക്കാരും ഹൈക്കോടതിയും ഇക്കാര്യത്തിൽ ഒരു നടപടിയും കൈക്കൊള്ളാതിരുന്ന സാഹചര്യത്തിൽ കേരള മുഖ്യമന്ത്രി 2007- ജനുവരിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേന്ദ്ര നിയമ മന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. ഇതിന്റെ ഫലമായി കേന്ദ്ര നിയമ മന്ത്രിയുടെ നിർദേശ പ്രകാരം ബഹു: കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഇക്കാര്യം പുനഃപരിശോധിക്കുകയും തുടർന്ന് 14-12-2007 ൽ കാരണമൊന്നും നൽകാതെ അഭ്യർത്ഥന നിരസിയ്ക്കുകയും ചെയ്തു. 27-12-2007-ലെ

മന്ത്രിസഭായോഗം, ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസിനോട് പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുവാനും ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിയ്ക്കുവാനും തീരുമാനിച്ചു. തദനുസരണം 29-1-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ അർദ്ധ ഔദ്യോഗിക കത്തും, 4-2-2008-ലെ 26880/ലെഗ്.ബി1/07/നിയമം നമ്പർ കത്തും അനുസരിച്ച് കേരള ചീഫ് ജസ്റ്റിസിനോടും കേന്ദ്ര സർക്കാരിനോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണി - ക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റീസ് തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നതിന് സമ്മതം നൽകിയില്ല. 25-3-2008-ൽ ബഹു - മാന്യരായ മുഖ്യമന്ത്രിയും നിയമ മന്ത്രിയും ഇതിലേക്കായി പൂർണ്ണമായ ഒരു നിർദ്ദേശം ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്ക് സമർപ്പിച്ചു. ബഹു: ഗവർണർ പ്രസ്തുത നിർദ്ദേശം ശുപാർശ ചെയ്ത് ബഹു. രാഷ്ട്രപതിയ്ക്ക് അയയ്ക്കുകയും ചെയ്തു. തുടർന്ന് ബഹു- മാനപ്പെട്ട മുഖ്യമന്ത്രിയും, ബഹു - മാനപ്പെട്ട പ്രതിപക്ഷ നേതാവും നയിച്ച സർവ്വകക്ഷി സംഘം 30-4-2008-ൽ ബഹുമാന്യയായ ഇന്ത്യൻ പ്രസിഡന്റി - നെയും 15-4-2008-ൽ ബഹുമാനപ്പെട്ട

പ്രധാനമന്ത്രിയേയും കണ്ട് അതേ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ബഹു: രാഷ്ട്രപതി ഇക്കാര്യത്തിലുള്ള കേന്ദ്രമന്ത്രിസഭയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. തുടർന്ന് പ്രസ്തുത വിഷയത്തിൽ ഉപദേശം നൽകുവാൻ കേന്ദ്ര മന്ത്രിസഭയോട് അഭ്യർത്ഥി - ക്കുവാൻ 18-6-2008-ൽ മന്ത്രിസഭാ - യോഗം തീരുമാനിക്കുകയും കേന്ദ്രത്തെ അറിയിക്കുകയും ചെയ്തു. ബഹു. പ്രധാനമന്ത്രി, തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്, മുൻപുണ്ടാ - യിരുന്ന ബഞ്ചിന്റെ പുനഃസ്ഥാപന- മായതുകൊണ്ട് ഇത് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായ കാര്യമാണെന്ന് അഭിപ്രായപ്പെടുകയും അതിനാൽ ഇക്കാര്യം പ്രത്യേകം പരിശോധിയ്ക്കുന്നതിന് കേന്ദ്ര നിയമമന്ത്രിയെ ചുമതലപ്പെടുത്താമെന്ന് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെട്ട നിവേദക സംഘത്തിന് ഉറപ്പു നൽകുകയും ചെയ്തു. 29-9-2008-ൽ ചേർന്ന മന്ത്രിസഭായോഗം നിർദ്ദിഷ്ട ഹൈക്കോടതി ബഞ്ചിന്റെ ആസ്ഥാ - നമായി വഞ്ചിയൂരിലെ കോടതിയോട് ചേർന്നുള്ള പഴയ കളക്ട്രേറ്റ് മന്ദിരം മാറ്റി വയ്ക്കുന്നതിനായി തീരുമാനിച്ചു. 18-11-2008-ലെ സർക്കാർ ഉത്തരവ് (സാ) നം.3630/08/റവന്യൂ പ്രകാരം ഹൈ - ക്കോടതി ബഞ്ചിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപ കെട്ടിടം

പുതുക്കി പണിയുന്നതിനായി പൊതു - മരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും സാധ്യമായ എല്ലാ നടപടിക്രമ - ങ്ങളും പൂർത്തിയായിട്ടുണ്ട്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 64** — **26.11.08ൽ മറുപടിക്ക്**

**വിഴിഞ്ഞം പദ്ധതി - പശ്ചാത്തല വികസനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; | എ | തുറമുഖ വികസനത്തിനായി സർക്കാർ തെരഞ്ഞെടുത്ത കൺസോർഷ്യവുമായി കരാർ ഒപ്പിട്ട് 3 വർഷത്തിനകം തുറമുഖ നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി | തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം പശ്ചാത്തലവികസനമാണ് നടപ്പാക്കേണ്ടത്; | ബി | തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിന് റോഡ്/റെയിൽ, ജലവിതരണം, വൈദ്യുതി എന്നീ ബാഹ്യ അടിസ്ഥാന സൗകര്യ വികസനമാണ് നടപ്പാക്കേണ്ടത്. |
| സി | ഇതിനായി എന്തെല്ലാം റോഡുകൾ വികസിപ്പിക്കേണ്ടതുണ്ട്; | സി | തുറമുഖ പ്രദേശത്തെ നിർദ്ദിഷ്ട നാഷണൽ ഹൈവേ ബൈപ്പാസുമായി ബന്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ RITES ന്റെ പഠന റിപ്പോർട്ട് പ്രകാരം തുറമുഖ പ്രദേശത്ത് നിന്നും മുല്ലൂർ ഏല വഴി നെട്ടത്താന്നിക്കടുത്ത് നിർദ്ദിഷ്ട ബൈപ്പാസിലേക്ക് ഒരു പുതിയ റോഡ് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. |
| ഡി | റെയിൽ ഗതാഗതത്തിന് വിഴിഞ്ഞത്തെ ഏതെല്ലാം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കേണ്ടതുണ്ട്; | ഡി | തുറമുഖ പ്രദേശത്തെ തിരുവനന്തപുരം - നാഗർകോവിൽ റെയിൽവേ ലൈനുമായി ബന്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ RITES ന്റെ പഠന റിപ്പോർട്ട് പ്രകാരം പൊരുത്തൻകുഴി ഏലാ, വെങ്ങാനൂർ - മുടിപ്പുര നട, മുടവൂർപാറ വഴി ബാലരാമപുരം - നേമം സ്റ്റേഷനുകൾക്കിടയ്ക്ക് 233/346 കിലോമീറ്ററിൽ ബന്ധിപ്പിക്കുന്ന റെയിൽവേലൈനാണ് വികസിപ്പിച്ചെടുക്കേണ്ടത്. |
| ഇ | വിഴിഞ്ഞത്തേയ്ക്ക് ഇരട്ടപാതയോ മൂന്നുവരി പാതയോ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത കേന്ദ്രത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ; | ഇ | ഇത് വിഴിഞ്ഞം പദ്ധതിയിൽ തന്നെ ഉൾപ്പെടുന്നതാണ്. |
| എഫ് | വൈദ്യുതി, ജലവിതരണം എന്നിവയ്ക്ക് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | എഫ് | തുറമുഖ പ്രദേശത്ത് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംസ്ഥാന വൈദ്യുതി ബോർഡ് നടത്തിവരുന്നു. വെള്ളായണി കായൽ സ്രോതസ്സായി ഒരു ജലവിതരണ പദ്ധതി കേരളാ വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നുണ്ട്. ഇതിനായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള 50 സെന്റ് സ്ഥലം വിഴിഞ്ഞത്ത് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് കേരളാ വാട്ടർ അതോറിറ്റിയ്ക്ക് നൽകികഴിഞ്ഞു. പദ്ധതിക്കായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 65 | 26..11..2008 ൽ മറുപടിക്ക് |
|---|---|

## മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. രാജു | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ | എ) | മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കാര്യക്ഷമമായ ഒരു സ്ഥിരം സംവിധാനമുണ്ട്. ഈ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും സർക്കാർ ആശുപത്രികളിൽ നിന്നും ശേഖരിക്കുന്ന മരുന്നുകൾ തിരുവനന്തപുരത്തെ സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറിലേയ്ക്കയക്കുന്നു. പരിശോധന നടത്തിയ ശേഷം റിപ്പോർട്ട് ചീഫ് ഗവൺമെൻറ് അനലിസ്റ്റ് ഡ്രഗ്സ് കൺട്രോളറേയും ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർമാരേയും അറിയിക്കുന്നു. ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ വിതരണവും വിൽപ്പനയും തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു. ആയുർവേദ മരുന്നുപരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ ഒരു സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. |
| ബി) | നിലവിലുള്ളസൗകര്യങ്ങൾഉപയോഗിച്ച് പ്രതിവർഷം എത്ര മരുന്നുകളുടെ ഗുണനിലവാരം തിട്ടപ്പെടുത്താൻ കഴിയും | ബി) | ഏകദേശം 4000ത്തോളം മരുന്നുകളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുവാൻ കഴിയും. |

| | | | |
|---|---|---|---|
| സി) | ആയുർവ്വേദ, അലോപ്പതി വിഭാഗങ്ങളിൽ പ്രതിവർഷം ശരാശരി എത്ര മരുന്നുകളുടെ ഗുണനിലവാരം തിട്ടപ്പെടുത്താൻ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) | ആയുർവ്വേദ വിഭാഗത്തിൽ ശരാശരി 170 സാമ്പിളുകളും അലോപ്പതി വിഭാഗത്തിൽ ശരാശരി 3800 സാമ്പിളുകളും പ്രതിവർഷം പരിശോധിച്ച് ഗുണനിലവാരം തിട്ടപ്പെടുത്തുന്നുണ്ട്. |
| ഡി) | പ്രതിവർഷം ശരാശരി ഈ വിഭാഗങ്ങളിൽ എത്ര മരുന്നുകൾ പുറത്തിറങ്ങുന്നതായിട്ടാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഇവയുടെയെല്ലാം ഗുണനിലവാരം പരിശോധിക്കാൻ സംവിധാനമുണ്ടോ; | ഡി) | അലോപ്പതി വിഭാഗത്തിൽ പ്രതിവർഷം വിവിധ ബാച്ചുകളിലായി ഒന്നര ലക്ഷത്തോളം മരുന്നുകളും ആയുർവ്വേദ വിഭാഗത്തിൽ കേരളത്തിൽ നിർമ്മിച്ച് വിതരണം ചെയ്യുന്ന 3500 ഓളം മരുന്നുകളും കൂടാതെ കേരളത്തിന് പുറത്തുള്ള കമ്പനികളുടെ മരുന്നുകളും വിപണിയിലെത്തുന്നുണ്ട്. ഇത് മുഴുവൻ പരിശോധിക്കാൻ ഇപ്പോൾ സംവിധാനമില്ല. |
| ഇ) | സ്വകാര്യ ലാബുകളുടെ ഗുണനിലവാര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മരുന്നുകൾ വിറ്റഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | ഇ) | ഉണ്ട് |
| എഫ്) | സർക്കാർ ലാബുകളുടെ പരിശോധനാ ഫലത്തിൽ സ്വകാര്യ ലാബുകൾ നൽകിയ റിപ്പോർട്ടുകൾ തെറ്റാണെന്ന് എപ്പോഴെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; | എഫ്) | സ്വകാര്യ ലാബറട്ടറികളുടെ റിപ്പോർട്ടുകൾ പുന: പരിശോധിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. |
| ജി) | മരുന്നുകളുടെ ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | ജി) | നിലവിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് നവീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. കൂടാതെ എറണാകുളത്ത് ഒരു റീജിയണൽ ലാബറട്ടറി തുടങ്ങുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.66

26.11.2008ൽ മറുപടിയ്ക്ക്

**ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ**

**ചോദ്യം**

ശ്രീ.എം.കെ.പ്രേംനാഥ്:
ശ്രീ.എം.വി.ശ്രേയാംസ് കുമാർ:
ശ്രീ.ജോസ് തെറ്റയിൽ:
ശ്രീ.കെ.പി.മോഹനൻ:

**ഉത്തരം**

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫയറുമായി അഫിലിയേറ്റ് ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; | (എ) | ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫയറുമായി അഫിലിയേറ്റ് ചെയ്ത് സംസ്ഥാനത്ത് കേരള സംസ്ഥാന ശിശുക്ഷേമ സമിതി ' പ്രവർത്തിക്കുന്നു. |
| (ബി) | ഈ സ്ഥാപനങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്; | (ബി) | കേരള സംസ്ഥാന ശിശുക്ഷേമ സമിതി നടത്തുന്ന വിവിധ ശിശുക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടു കൂടി ശിശുദിന സ്റ്റാമ്പ് പ്രിന്റ് ചെയ്ത് വിൽക്കുന്നതിന് സർക്കാർ അനുമതി നൽകി വരുന്നു. ശിശുക്ഷേമ സമിതിയുടെ നവീകരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം 10 ലക്ഷം രൂപ ഗ്രാന്റ് അനുവദിച്ചിരുന്നു. കൂടാതെ സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ശിശുഗൃഹ സ്കീം പ്രകാരമുള്ള ഗ്രാന്റും ലഭിച്ചു വരുന്നു. |
| (സി) | ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറുമായി സഹകരിച്ച് സംസ്ഥാനത്ത് കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) | ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറുമായി സഹകരിച്ച് കൂടുതൽ ക്രഷുകൾ സ്ഥാപിക്കുവാൻ സംസ്ഥാന ശിശുക്ഷേമസമിതി ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. 67 26.11.2008 ൽ മറുപടിക്ക്

### വിദ്യാലയ ആരോഗ്യ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി.ജലീൽ<br>" ബാബു എം.പാലിശ്ശേരി<br>" കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ. പി.വിശ്വൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകൾ യോജിച്ച് നടപ്പാക്കുന്ന വിദ്യാലയ ആരോഗ്യ പരിപാടിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്തെ സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും പരിശോധിച്ച് അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യ വിശദാംശങ്ങൾ രേഖപ്പെടുത്തി സമഗ്രമായ ഒരു ഹെൽത്ത് റിക്കോർഡാക്കി സ്കൂളുകളിൽ സൂക്ഷിക്കുകയും കൂടുതൽ പരിശോധന ആവശ്യമായ കുട്ടികൾക്ക് വിവിധ ആരോഗ്യ സ്ഥാപനങ്ങൾ വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുകയും ചെയ്യുകയാണ് വിദ്യാലയ ആരോഗ്യ പരിപാടികൊണ്ട് ഉദ്ദേശിക്കുന്നത്. |
| ബി) ആദ്യഘട്ടത്തിൽ എത്ര സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്; | ബി) ആദ്യഘട്ടത്തിൽ 1100 സ്കൂളുകളിലാണ് വിദ്യാലയ ആരോഗ്യ പരിപാടി നടപ്പിലാക്കുന്നത്. |
| സി) പദ്ധതിയിൽ അംഗമായ കുട്ടികളെ പരിശോധിച്ച് മരുന്നു നൽകുന്നതിനും തുടർ ചികിത്സയ്ക്കും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്കൂളുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി കുട്ടികളെ പരിശോധിച്ച് ആവശ്യമുള്ള ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതാണ്. |

| | |
|---|---|
| ഡി) വിദഗ്ധ ചികിത്സ ആവശ്യമുള്ള കുട്ടികൾക്ക് പദ്ധതി പ്രകാരം സൗജന്യ ചികിത്സ നൽകുമോ; വിശദീകരിക്കുമോ; | ഡി) തുടർ ചികിത്സയ്ക്കായി റഫറൽ പ്രാഥമികാരോഗ്യകേന്ദ്രം / സാമൂഹികാരോഗ്യ കേന്ദ്രം / താലൂക്കാശുപത്രി എന്നിവിടങ്ങളിൽ സൗജന്യ ചികിത്സയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. |
| ഇ) പഠന വൈകല്യമുള്ള കുട്ടികളെ പ്രത്യേകം നിരീക്ഷിക്കു ന്നതിനും ചികിത്സ നൽകുന്ന തിനും നടപടി സ്വീകരിക്കുമോ; | ഇ) പഠനവൈകല്യമുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിനുള്ള പ്രത്യേക പരിശീലനം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനും സ്കൂൾ അദ്ധ്യാപകർക്കും നൽകും. സർവ്വശിക്ഷാ അഭിയാൻ വഴി അദ്ധ്യാപകരുടെ സേവനം കൂടി ഇതിനായി ഉപയോഗപ്പെടുത്തുന്നതാണ്. |
| എഫ്) പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പാക്കുന്ന തിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | എഫ്) ആദ്യഘട്ടത്തിൽ 1100 സ്കൂളുകളിലാണ് വിദ്യാലയ ആരോഗ്യപരിപാടി നടപ്പിലാക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ആരംഭിക്കുന്ന ഈ പദ്ധതി തുടർന്നുള്ള വർഷങ്ങളിൽ എല്ലാ സർക്കാർ സ്കൂളുകളിലേയ്ക്കും എയ്ഡഡ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. |

24/11

K.S. Sudha
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ടചോദ്യം നം. 68 | 26.11.2008 ൽ മറുപടിക്ക് |
|---|---|

### ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് രൂപം നൽകിയിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.രാജഗോപാലൻ<br>" രാജു എബ്രഹാം<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.പി.ജയരാജൻ<br>" എസ്.രാജേന്ദ്രൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് രൂപം നൽകിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തീർത്ഥാടനക്കാലത്ത് പമ്പയിലും സന്നിധാനത്തും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിസ്പെൻസറിയും വേണ്ടത്ര സ്റ്റാഫും, സന്നിധാനത്ത് 'സാഹസ്' ഏർപ്പെടുത്തിയിട്ടുള്ള കാർഡിയോളജി വിഭാഗം, പമ്പയിൽ മെഡിക്കൽ സ്റ്റോർ, പകർച്ചവ്യാധി നിയന്ത്രണത്തിന് എന്റമോളജി ടീം, മൊബൈൽ ഡിസ്പെൻസറി, ഭക്ഷ്യ വിഷബാധ ചെറുക്കാനുള്ള സംവിധാനങ്ങൾ എന്നിവ ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നു. സന്നിധാനത്തും പരിസരങ്ങളിലുമായി 14-ഉം ആംബുലൻസുകൾ വിന്യസിച്ചിട്ടുണ്ട്. ഒരു കോടി രൂപയുടെ ഫണ്ട്, മരുന്ന് ലഭ്യമാക്കുന്നതിനുമാത്രമായി വിതരണം ചെയ്തു. സാനിട്ടേഷൻ സൗകര്യങ്ങൾക്കായി പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സാനിട്ടേഷൻ സൊസൈറ്റി പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് 56 ഡോക്ടർമാരെ 8 ബാച്ചുകളായി നിയോഗിച്ചിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ, സർജിക്കൽ ഉപകരണങ്ങൾ, വെന്റിലേറ്റർ സംവിധാനം എന്നിവയും തീർത്ഥാടകരുടെ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ പ്രത്യേക തീവ്രപരിചരണവിഭാഗവും അത്യാഹിതങ്ങൾ നേരിടുന്നതിനായി വിശാലമായ റിസപ്ഷൻ ഏരിയായും തയ്യാറാക്കിയിട്ടുണ്ട്.<br>ഭാരതീയ ചികിത്സാവകുപ്പ് സന്നിധാനം, പമ്പ, എരുമേലി എന്നിവിടങ്ങളിൽ താൽക്കാലിക ആയുർവേദ ആശുപത്രികളും ആവശ്യമായ സ്റ്റാഫ്, മരുന്ന്, വാഹനം എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ഹോമിയോ വകുപ്പിന്റെ കീഴിലുള്ള താൽക്കാലിക ഡിസ്പെൻസറികളിലും സ്റ്റാഫ്, മരുന്ന് തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. |

| | |
|---|---|
| ബി) സമീപ പ്രദേശങ്ങളിലെ ഏതെല്ലാം ആശുപത്രിക ളിലാണ് നിലവിലുള്ള സൗക ര്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; സന്നിധാനത്ത് ഓപ്പറേഷൻ തീയേറ്റർ അടക്കം സൗകര്യങ്ങളുള്ള ആശുപത്രി ഇപ്രാവശ്യം പ്രവർത്തിപ്പിക്കുമോ; | ബി) സന്നിധാനത്തും പമ്പയുടെ തീരത്തും നാലുനിലകളുള്ള ഹോസ്പിറ്റൽ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ട്. സന്നിധാനത്ത് ഓപ്പറേഷൻ തീയേറ്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| സി) ശബരിമല ഡ്യൂട്ടിക്കായി എത്ര ഡോക്ടർമാരേയും നഴ്സ്മാരെയും മറ്റ് ജീവനക്കാരെയും പ്രത്യേകമായി നിയോഗിക്കുമെന്ന് അറിയിക്കുമോ? | സി) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് 11 ബാച്ചുകളിലായി 430 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ പാരാമെഡിക്കൽ സ്റ്റാഫുകളെ 5 ബാച്ചുകളി ലായി താഴെപ്പറയും പ്രകാരം തരംതിരിച്ച് നിയമിച്ചിട്ടുണ്ട്.<br><br>മെയിൽ സ്റ്റാഫ് നേഴ്സ് – 135<br>ഫാർമസിസ്റ്റ് – 92<br>നേഴ്സിംഗ് അസിസ്റ്റന്റ് – 130<br>ഹോസ്പിറ്റൽ അറ്റന്റന്റ് – 100<br>ലാബ് ടെക്നീഷ്യൻ – 20<br>ഹെൽത്ത് ഇൻസ്പെക്ടർ – 20<br>ഹെൽത്ത് സൂപ്പർവൈസർ – 1<br>ഫുഡ് ഇൻസ്പെക്ടർ – 25<br>ഡ്രൈവർ – 40<br>ഇലക്ട്രീഷ്യൻ – 1<br>മെക്കാനിക്ക് – 2<br>ലാ ആഫീസർ (പി.എഫ്.എ.) – 1<br><br>ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ശബരിമല ഡ്യൂട്ടിക്കായി 56 ഡോക്ടർമാരെയും ഒരു നോഡൽ ഓഫീസറെയും നിയോഗിച്ചിട്ടുണ്ട്. മകരവിളക്കിനു പ്രത്യേകമായി ഒരു നോഡൽ ഓഫീസറെ നിയോഗിക്കുന്നതാണ്.<br>ഭാരതീയ ചികിത്സാ വകുപ്പ് 55 മെഡിക്കലാഫീസർമാരേയും 46 ഫാർമസിസ്റ്റുകളേയും 46 അറ്റൻഡർമാരെയും 18 സാനിറ്റേഷൻ വർക്കർമാരേയും നിയോഗിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പും തങ്ങളുടെ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. |

K.S.Sudha

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 69** — **26-11-2008-ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് യുവക്രീഡ ഔർ ഖേൽ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.ദിവാകരൻ:<br>ശ്രീ.വി.ശശികുമാർ:<br>ശ്രീ.പി.കൃഷ്ണപ്രസാദ്:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.എ.പ്രദീപ് കുമാർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | (എ) |
| കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ (പി.വൈ.കെ.കെ.എ) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | പത്ത് വർഷം കൊണ്ട് (2008-2017) സംസ്ഥാനത്തെ എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ. കൂടാതെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനായി വിവിധ തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതും പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| (ബി) | (ബി) |
| പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | പദ്ധതി നടപ്പാക്കുന്നതിന്റെ മേൽനോട്ടത്തിനായി സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 10% ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ 8.73 കോടി രൂപയുടെ ആദ്യഘട്ട പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ 1,69,85,000/- രൂപയുടെ പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | (സി) |
| ഈ വർഷം എത്ര ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്, ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; | ഈ വർഷം സംസ്ഥാനത്തെ 100 ഗ്രാമപഞ്ചായത്തുകളിലും 15 ബ്ലോക്ക് പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) | (ഡി) |
| പദ്ധതിക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഈ വർഷത്തെ വിഹിതം എത്ര; | പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വൺടൈം ക്യാപ്പിറ്റൽ ഗ്രാന്റിലെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം 75:25 എന്ന തോതിലാണ്. കേന്ദ്രം അംഗീകരിച്ച ആദ്യഘട്ട പ്രൊപ്പോസൽ പ്രകാരം 1,31,25,000/- രൂപ കേന്ദ്ര വിഹിതവും, 43.75 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. കൂടാതെ ആനുവൽ അക്വിസിഷൻ ഗ്രാന്റായി 13 ലക്ഷം രൂപയും ആനുവൽ ഓപ്പറേഷണൽ ഗ്രാന്റായി 15,60,000/- രൂപയും ഉൾപ്പെടെ 2008-09-ലേയ്ക്ക് മൊത്തം 1,59,85,000/- രൂപയ്ക്ക് അർഹതയുള്ളതായി ഇന്ത്യാ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. |
| (ഇ) | (ഇ) |
| പഞ്ചായത്തു സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി പ്രയോജനപ്പെടുത്തുമോ ? | പഞ്ചായത്തുകളിലെ സ്കൂളുകളിലെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് പദ്ധതി മുൻഗണന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.70

26.11.2008-ൽ മറുപടിക്ക്

## എൻ. ആർ. എച്ച്. എം. പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) എൻ. ആർ. എച്ച്. എം.ലൂടെസംസ്ഥാനത്ത് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ ഏതൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ; | എ) 1) കേരളത്തിലെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളും IPH സ്റ്റാൻഡേർഡിലേക്ക് ഉയർത്തുക.<br>2) രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുക.<br>3) വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരിക്കുക.<br>4) നിയോജക മണ്ഡലങ്ങളിൽ ആരോഗ്യ മേള നടത്തുക.<br>5) ആരോഗ്യ സ്ഥാപനങ്ങൾക്ക് ഡ്രഗ് കിറ്റ് വിതരണം ചെയ്യുക.<br>6) ആശ (ASHA) പദ്ധതി നടപ്പാക്കുക.<br>7) കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും ആവശ്യാനുസരണം നിയമിക്കുക.<br>8) ആരോഗ്യ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാൻറ് നൽകുക.<br>9) ഉപകേന്ദ്രങ്ങൾക്കും പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങൾക്കും സ്വതന്ത്ര വിനിയോഗ ഫണ്ട് നൽകുക.<br>10) JSY (ജനനി സുരക്ഷാ പദ്ധതി) നടപ്പാക്കുക.<br>11) ഹെൽത്ത് ഇൻഫർമേഷൻ പ്രോജക്ട് നടപ്പാക്കുക.<br>12) സ്കൂൾ ഹെൽത്ത് പ്രോഗ്രാം കൂടുതൽ ഫലപ്രദമായിനടപ്പാക്കുക.<br>13) നിലവിലുള്ള ആരോഗ്യ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുക. |
| ബി) ഇവയിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലായത് ; | (ബി) (1)കേരളത്തിലെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളും IPHS(ഇന്ത്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ്) ലേക്ക് ഉയർത്താൻ നടപടികൾ സ്വീകരിച്ചു. ഇതിലേക്കായി എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളുടെയും നിലവാരം ഉയർത്തുന്നതിനായി പഠനം നടത്തി, മാസ്റ്റർ പ്ളാൻ തയ്യാറാക്കി, അത് പ്രകാരം സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.<br>(2)രോഗപ്രതിരോധ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടപ്പാക്കി. കൊതുകു നശീകരണവും ചിക്കുൻഗുനിയ പ്രതിരോധ പ്രവർത്തനങ്ങളും നടപ്പിലാക്കി.<br>(3) വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |

(4) വിവിധ നിയോജക മണ്ഡലങ്ങളിൽ ആരോഗ്യ മേളകൾ നടത്തി.

(5) സബ്സെൻറർ, പ്രാഥമിക ആരോഗ്യ കേന്ദ്രം, സാമൂഹിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ഡ്രഗ് കിറ്റ് വിതരണം ചെയ്തു.

(6) ഗ്രാമീണ മേഖലയിൽ ആശ പ്രവർത്തകരെ നിയമിച്ചു.

(7)താത്കാലിക അടിസ്ഥാനത്തിൽ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും, നേഴ്സുമാരേയും നിയമിച്ചു. നിർബന്ധിത ആരോഗ്യ സേവനത്തിൻെറ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളിൽ താത്കാലിക അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയോഗിച്ചു.

(8)പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങൾക്ക് മെയിൻറനൻസ് ഗ്രാൻറ് നൽകി. ഈ ഫണ്ട് ഉപയോഗിച്ച് ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുകയും അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യു.

(9)ഉപകേന്ദ്രങ്ങൾക്കും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും സ്വതന്ത്ര വിനിയോഗ ഫണ്ട് നൽകി. ഈ ഫണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിച്ചു വരുന്നു.

(10)ജനനി സുരക്ഷാ യോജന പദ്ധതി നടപ്പിലാക്കി.

11)ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ കൂടുതൽ ഫപ്രദമായി ശേഖരിക്കുന്നതിന് പദ്ധതി നടപ്പാക്കി വരുന്നു.

(12)സ്കൂൾ ഹെൽത്ത് പ്രോഗ്രാം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

(13)നിലവിലുള്ള ആരോഗ്യ പദ്ധതികളായ ജനന പ്രജനന ശൈശവ പദ്ധതി (RCH), രോഗ പ്രതിരോധ ചികിത്സാ പദ്ധതി, (IDSP), അന്ധതാ നിവാരണ പദ്ധതി, കുഷ്ഠ രോഗ നിയന്ത്രണ പദ്ധതി (Leprosy Elimination Programme), ക്ഷയരോഗ നിയന്ത്രണ പദ്ധതി, മലേറിയ നിയന്ത്രണ പദ്ധതി, NVBDCP(കൊതുകുകളും മറ്റ് ജന്തുക്കളും പരത്തുന്ന രോഗങ്ങളുടെ നിയന്ത്രണ പദ്ധതി) തുടങ്ങി എല്ലാ ആരോഗ്യ പദ്ധതികളും നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| സി)കേന്ദ്ര സർക്കാരിൽ നിന്നും എൻ.ആർ. എച്ച്.എം. പദ്ധതിക്ക് എന്ത് തുക ലഭിച്ചു എന്ന് അറിയിക്കുമോ; | (സി) | എൻ.ആർ.എച്ച്.എം. പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് നാളിതുവരെ 405 കോടി രൂപ ലഭിച്ചു. |
| ഡി)ഈ തുകയിൽ 2008 ഒക്ടോബർ 31 വരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഈ തുകയിൽ നിന്ന് ഒക്ടോബർ 31, 2008വരെ റിപ്പോർട്ട് ചെയ്യപ്പെട്ട കണക്കുകൾ അനുസരിച്ച് 223.34 കോടി രൂപയാണ് ചെലവായത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 71** | **26-11-2008-ൽ മറുപടിയ്ക്ക്**

## 35-ാം ദേശീയ ഗെയിംസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എൻ.വാസവൻ:<br>ശ്രീ.പി.വിശ്വൻ:<br>ശ്രീ.എ.എം.യൂസഫ്:<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം : | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>35-ാം ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുന്നതിന് സംസ്ഥാന സർക്കാരും ഒളിമ്പിക്സ് അസോസിയേഷനും ഒപ്പുവച്ച ധാരണാ പത്രത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ)<br>കേരള സർക്കാർ ഇൻഡ്യൻ ഒളിമ്പിക്സ് അസോസിയേഷനുമായി 2010-ലെ 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് 07-11-2008-ൽ ന്യൂഡൽഹിയിൽ വച്ച് കരാറിൽ (ഹോസ്റ്റ് സിറ്റി കോൺട്രാക്റ്റ്) ഒപ്പു വെയ്ക്കുകയുണ്ടായി. പ്രസ്തുത കരാർ പ്രകാരം 2010 മെയ് 1 മുതൽ 15 ദിവസങ്ങളിലായി കേരളത്തിലെ 3 നഗരങ്ങളിലായിട്ടാണ് 35-ാമത് ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയാണ് ആതിഥേയ നഗരങ്ങളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ മുഖ്യവേദി തിരുവനന്തപുരം ആയിരിക്കും. ഇതിനു പുറമെ 35-ാമത് ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിനുള്ള സംഘാടക സമിതിയുടെ ഘടന, ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റ് രൂപീകരണം, മത്സരങ്ങൾക്കായുള്ള ഇനം അവയുടെ നടത്തിപ്പിനു വേണ്ട നിർദ്ദേശങ്ങൾ മത്സര വേദികളിൽ ഒരുക്കേണ്ട സജ്ജീകരണങ്ങൾ, കായിക താരങ്ങൾ ഔദ്യോഗിക ഭാരവാഹികൾ തുടങ്ങിയവർക്ക് താമസം, ഭക്ഷണം, ഗതാഗതം, വാർത്താ വിനിമയം, പരിശീലനം, റിക്രിയേഷൻ, ചികിത്സ എന്നിവയ്ക്ക് വേണ്ട സൗകര്യങ്ങൾ ഉത്തേജക മരുന്ന് പരിശോധനാ സംവിധാനങ്ങൾ തുടങ്ങി 35-ാമത് ദേശീയ ഗെയിംസ് വിജയകരമായി സംഘടിപ്പിക്കുന്നതിന് ഇൻഡ്യൻ ഒളിമ്പിക്സ് അസോസിയേഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങുന്നതാണ് പ്രസ്തുത കരാർ. |

| | |
|---|---|
| (ബി)<br>ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുന്നതു മൂലം സംസ്ഥാനത്തിന്റെ കായിക രംഗത്തുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; ഗെയിംസ് നടത്തുന്നതിന് മൊത്തം എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; കേന്ദ്ര സഹായമായി എത്ര കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി)<br>അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്പോർട്സ് സൗകര്യങ്ങൾ ഏർപ്പെടുത്തുക മറ്റു സംസ്ഥാനങ്ങളിലുള്ള കായിക താരങ്ങളുടെ പരിശീലന രീതി, അവർ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ മനസ്സിലാക്കുക എന്നിവയാണ് പ്രധാന നേട്ടങ്ങൾ. പ്രസ്തുത സംരംഭത്തിന്റെ നടത്തിപ്പിനായി ഏകദേശം 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ബഡ്ജറ്റ് തയ്യാറായതിനു ശേഷം മാത്രമെ കേന്ദ്രസഹായത്തിന്റെ തോത് നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ. |
| (സി)<br>ഗെയിംസ് നടക്കുന്ന പ്രധാന വേദികൾ എവിടെയെല്ലാമാണ്; | (സി)<br>തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവയാണ് ഗെയിംസ് നടക്കുന്ന പ്രധാന വേദികൾ. ഇതിൽ തിരുവനന്തപുരം മുഖ്യ വേദിയായിരിക്കും. കൂടാതെ തിരുവനന്തപുരത്തോട് ചേർന്ന് കൊല്ലവും, എറണാകുളത്തോട് ചേർന്ന് ആലപ്പുഴയും തൃശൂരും കോഴിക്കോടിനോട് ചേർന്ന് കണ്ണൂരും മലപ്പുറവും ഇതിന്റെ ഉപ വേദികളായിരിക്കും. |
| (ഡി)<br>ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; | (ഡി)<br>ഉണ്ട്. |
| (ഇ)<br>ദേശീയ ഗെയിംസിൽ മെച്ചപ്പെട്ട പ്രകടനം നടത്തുന്നതിന് സംസ്ഥാനത്തെ കായികതാരങ്ങൾക്ക് പ്രത്യേക പരിശീലനം നൽകാൻ പദ്ധതി ആവിഷ്കരിക്കുമോ ? | (ഇ)<br>ആവിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 72 | 26.11.2008 ൽ മറുപടിയ്ക്ക്

ജലസംഭരണികളിൽ സിൽറ്റ് മാറ്റുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. യു.സി.രാമൻ<br>ശ്രീ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ജല വിഭവ വകുപ്പിന് കീഴിലുള്ള ജലസംഭരണികളുടെ സംഭരണശേഷി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ജലസംഭരണികളിൽ അടിഞ്ഞിട്ടുള്ള സിൽറ്റ് മാറ്റുന്നതിന് നടപടി പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;<br>(സി) ഏതെല്ലാം ജലസംഭരണികളിലാണ് സിൽറ്റ് മാറ്റുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നത്; | (ബി)& (സി) ഉണ്ട്. ജലസംഭരണികളിലെ എക്കൽ നീക്കം ചെയ്യുന്ന നടപടികൾ സജീവ പരിഗണനയിലാണ്. മലമ്പുഴ ജല സംഭരണിയിൽ നിന്ന് എക്കൽ നീക്കം ചെയ്യുന്നതിന് കരാർ കൊടുക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ തീരുമാനിച്ചു വരുന്നു. |
| (ഡി) ഈ പദ്ധതിയ്ക്ക് എന്ത് ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ഡി) മലമ്പുഴയിലെ ചെളി അടങ്ങിയ മണൽ നീക്കം ചെയ്യുന്നതിന് ഏകദേശം 440 കോടി രൂപ ചിലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ഇ) ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) ഇത് സംബന്ധിച്ച ഉചിതമായ സാങ്കേതിക വിദ്യയും വിവിധ സാമൂഹ്യ പാരിസ്ഥിതിക വശങ്ങളും പഠിച്ചതിനുശേഷം മാത്രമേ ഈ നൂതന പദ്ധതി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

Mary Joseph K

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 73

26.11.2008-ൽ മറുപടിക്ക്

## പുതിയ വ്യവസായ സംരംഭകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് : | ശ്രീ. എളമരം കരീം (വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ വിദേശ പര്യടനം, ഏതെല്ലാം പുതിയ വ്യവസായ സംരംഭകരെ കേരളത്തി- -ലേയ്ക്ക് ആകർഷിക്കാൻ സാധിച്ചു -വെന്നു വെളിപ്പെടുത്തുമോ ;<br><br>(ബി) ഏതെങ്കിലും വ്യവസായ സംരംഭകരുമായി കരാറിൽ ഏർപ്പെടാൻ സാധിച്ചിട്ടുണ്ടോ ? | (എ) യും (ബി) യും.<br><br>വിവിധ അമേരിക്കൻ കമ്പനികളും പ്രവാസി മലയാളികളും സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കരാർ ഒപ്പിട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.74 — 26.11.2008ൽ മറുപടിയ്ക്ക്

## കുട്ടികളുടെ ക്യാൻസർ ചികിത്സ

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ:
ശ്രീ.കെ.അച്ചുതൻ:
ശ്രീ.വർക്കല കഹാർ:

**ഉത്തരം**

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ വർഷത്തെ കേരള പിറവി ദിനം മുതൽ കുട്ടികളുടെ ക്യാൻസർ ചികിത്സ സൗജന്യമായി നടത്തുമെന്ന് ആരോഗ്യവകുപ്പു മന്ത്രി പ്രഖ്യാപിച്ചിരുന്നുവോ; | (എ) | ഉണ്ട് |
| (ബി) | സാമൂഹ്യ സുരക്ഷാ മിഷനെ ഇതിനായി ചുമതലപ്പെടുത്തുന്നതായി മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ 2008 നവംബർ 1 മുതൽ കുട്ടികൾക്ക് സൗജന്യ ക്യാൻസർ ചികിത്സ നല്കുന്നുണ്ടോ; | (സി) യും (ഡി) യും | ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകൾ, ആർ.സി.സി, മലബാർ ക്യാൻസർ സെന്റർ, എറണാകുളം ജനറൽ ആശുപത്രി, പരിയാരം കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് തുടങ്ങിയ ആശുപത്രികളിൽ ചികിത്സ തേടുന്ന പാവപ്പെട്ട കുട്ടികൾക്കാണ് സൗജന്യ ചികിത്സ നൽകുക. അതിനുള്ള മാനദണ്ഡങ്ങൾ ആവിഷ്കരിച്ചു വരുന്നു. 1.11.08 മുതൽ മുൻകാല പ്രാബല്യത്തോടെ ചികിത്സാ സഹായം ലഭ്യമാക്കുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | കുട്ടികൾക്ക് ക്യാൻസർ ചികിത്സയ്ക്ക് സഹായം നൽകിയിരുന്ന സംഘടനകളും സ്ഥാപനങ്ങളും ഇക്കാലത്ത് അവർക്ക് ചികിത്സാ സഹായം നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | കുട്ടികൾക്ക് ക്യാൻസർ ചികിൽസയ്ക്ക് സഹായം നൽകിയിരുന്ന സംഘടനകളും സ്ഥാപനങ്ങളും ഇപ്പോഴും സഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 75 | 26..11..2008 ൽ മറുപടിക്ക് |
|---|---|

## പാലിയേറ്റീവ് പരിചരണ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>പ്രൊഫ.സി. രവീന്ദ്രനാഥ്<br>ശ്രീമതി.കെ.എസ് . സലീഖ<br>ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | കിടപ്പിലായ രോഗികളുടെയും മാറാരോഗികളുടെയും പരിചരണത്തിനായി പാലിയേറ്റീവ് പരിചരണ നയത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ പെയിൻ ആന്റ് പാലിയേറ്റീവ് സെന്ററുകൾ താലൂക്ക് ആശുപത്രി ചിറയിൻകീഴ് , ജില്ലാ ആശുപത്രികളായ കൊല്ലം, കോഴഞ്ചേരി , തൃശ്ശൂർ തലശ്ശേരി ജനറൽആശുപത്രി,പ്രാഥമികാരോഗ്യകേന്ദ്രം വാളഞ്ചേരി, മലപ്പുറം, ജില്ലാ ആശുപത്രി മാനന്തവാടി,വയനാട് എന്നിവടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ സൗകര്യങ്ങളില്ലാത്ത എല്ലാ ജില്ലകളിലും പെയിൻ ആന്റ് പാലിയേറ്റീവ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ഭാഗമായി പരിരക്ഷാ പദ്ധതിയും നടത്തി വരുന്നുണ്ട്. റീജിയണൽ കാൻസർ സെന്ററിൽ ചികിൽസയിലിരിക്കുന്ന നിർധനരും കിടപ്പിലായവരുമായ കാൻസർ രോഗികളുടെ വീടുകളിൽ പോയി പരിചരിക്കുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഡോക്ടർ, നഴ്സ് , സാമൂഹ്യ പ്രവർത്തകർ എന്നിവർ ഉൾപ്പെട്ട ടീം രോഗികളുടെ വീട്ടിൽ എത്തി അവർക്കാവശ്യമായ പരിചരണം നൽകി വരുന്നു. |
| ബി) | ഹോംകെയർ സംവിധാനം എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) | ഹോംകെയർ സംവിധാനം എല്ലാ പ്രദേശങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , സാമൂഹിക സന്നദ്ധ സംഘടനകൾ, നോൺ ഗവൺമെന്റ് ഓർഗനൈസേഷൻ , പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ തുടങ്ങിയവയുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | സാന്ത്വന പരിചരണത്തിനായി ഡോക്ടർമാർക്കും നേഴ്സുമാർക്കും പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | ആരോഗ്യ മേഖലയിൽ ഡോക്ടർമാർക്കും നേഴ്സുമാർക്കും സാന്ത്വന പരിചരണത്തിനായി പരിശീലനം നൽകാൻ പദ്ധതിയുണ്ട്. കൂടാതെ മെഡിക്കൽകോളേജുകൾ, റീജിയണൽ ക്യാൻസർസെന്റർ എന്നിവയുടെ സഹായത്തോടെ ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ് തുടങ്ങിയ ജീവനക്കാർക്ക് എല്ലാ വർഷവും പരിശീലനം നൽകി വരുന്നു. |
| ഡി) | സാമൂഹ്യ പ്രവർത്തകരുടെയും ആരോഗ്യമേഖലയുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും മെച്ചപ്പെട്ട സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ ? | ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹിക സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പ്രവർത്തനങ്ങൾ നടത്താനാണ് പാലിയേറ്റീവ്കെയർ പോളിസി വിഭാവനം ചെയ്യുന്നത്. പാലിയേറ്റീവ്കെയറിന്റെ പ്രവർത്തനങ്ങൾ താഴെ തട്ടിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രധാന പങ്കു വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 76

26.11.2008-ന് മറുപടിയ്ക്ക്

## കൈത്തറി മേഖലയിൽ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ.എം. ചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| എ) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ; | എ) കൈത്തറിവ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നെയ്ത്തുകാർക്ക് നെയ്ത്തു നൂൽ ന്യായവിലയ്ക്ക് ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ ആരംഭിച്ചു.<br>2. പുതിയ പ്രാദേശിക ബ്രാൻഡുകളെ തെരഞ്ഞെടുത്ത് പുതിയ ബ്രാൻഡ് വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം & ടെക്സ്റ്റൈൽ ടെക്നോളജിയ്ക്ക് സാമ്പത്തിക സഹായം നൽകി ചുമതലപ്പെടുത്തിയിട്ടുണ്ട്. മേഖലാ ബ്രാൻഡുകളുടെ വികസനത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>3. ഭൗമ സൂചക ആക്ട് അനുസരിച്ച് നിലവിലുള്ള പ്രാദേശിക ഉൽപ്പന്നങ്ങളെ രജിസ്റ്റർ ചെയ്യുന്നതിന് വേണ്ട നടപടികൾക്കായി കേന്ദ്രസർക്കാർ സ്ഥാപനമായ ടെക്സ്റ്റൈൽസ് കമ്മറ്റിയെ ചുമതലപ്പെടുത്തി.<br>4. നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നല്കുന്നതിന് ഐ.എച്ച്.ഡി.എസ് പദ്ധതി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ് ലൂം ആൻഡ് ടെക്സ്റ്റയിൽ ടെക്നോളജിയും കൈത്തറി ഡയറക്ടറേറ്റും നടത്തുന്ന പദ്ധതിയിലൂടെയും വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടത്തി വരുന്നു. കൂടാതെ കാസർ ഗോഡ് സാരി, ബാലരാമപുരം സാരി, എന്നിവയുടെ നെയ്ത്തിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. |

5. ഹാന്റക്സ് മാതൃക സംഘങ്ങളിൽ തറികൾ ആധുനികവൽക്കരിക്കുന്നതിനും ഉൽപ്പന്ന വിക്രയം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

6. ഹാൻടെക്സ്, ഹാൻവീവ് പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 706.89 ലക്ഷം രൂപയും സംസ്ഥാനം 700 ലക്ഷം രൂപ റിബേറ്റായും ഈ സാമ്പത്തിക വർഷം വിതരണം നടത്തി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

7. ഹാൻവീവിന്റെയും ഹാൻടെക്സിന്റേയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഹാൻവീവിന് 4 കോടി രൂപയും ഹാൻടെക്സിന് 1.86 കോടി രൂപയും പ്രത്യേക ധനസഹായമായി കഴിഞ്ഞ സാമ്പത്തിക വർഷം നല്കിയിട്ടുണ്ട്.

8. കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് കൈത്തറി വികസന പദ്ധതി പ്രകാരം അനുമതി ലഭിക്കുന്നതിനായി 27 ക്ലസ്റ്ററുകളുടെ അപേക്ഷ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. അതിൽ 24 ക്ലസ്റ്ററുകൾക്ക് അനുമതി ലഭിച്ചു. ഇതിന്റെ പ്രയോജനം ഏകദേശം 10,000 നെയ്ത്തുകാർക്ക് ലഭിക്കും. 14 കോടി രൂപയുടെ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം തന്നെ 10ന് മുകളിൽ നെയത്തുകാർ ഉൾപ്പെടുന്ന 102 ഗ്രൂപ്പുകൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിനായി അപേക്ഷ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 16 ഗ്രൂപ്പുകൾക്ക് കേന്ദ്ര അനുമതി ഇതിനകം ലഭിച്ചിട്ടുണ്ട്.

ബി) കൈത്തറി വസ്ത്രങ്ങൾക്ക് വിപണി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ബി) സ്വീകരിച്ചിട്ടുണ്ട്.

സി) ആധുനിക ഫാഷൻ ഡിസൈൻ വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് കൈത്തറി യൂണിറ്റുകൾ ഉപയോഗിക്കുവാൻ പദ്ധതി തയ്യാറാക്കുമോ ;

സി) പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആധുനിക ഫാഷൻ ഡിസൈൻ വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് കണ്ണൂരിൽ നിഫ്റ്റ് സെന്റർ സ്ഥാപിക്കുന്നതിനായി GO(RT) No. 133/08/ID dated 13.2.08 പ്രകാരം 58.65 കോടി രൂപയുടെ പദ്ധതി കേരള സർക്കാർ അംഗീകരിച്ച് കിൻഫ്രയുടെ മേൽനോട്ടത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

സംയോജിത കൈത്തറി വികസന പദ്ധതിയിലൂടെ ആധുനിക ഡിസൈനിംഗ് കൈത്തറി മേഖലയിൽ കൊണ്ടു വരുന്നതിനും, അതിനനുസരിച്ച് കൈത്തറി വസ്ത്രങ്ങൾ നിർ

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനും പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |
| ഡി) | ഖാദി , നൂൽ, തുണി എന്നിവയുടെ ഉല്പാദനക്ഷമതയും ക്വാളിറ്റിയും വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ; | ഡി) | ഖാദി, നൂൽ, തുണി എന്നിവയുടെ ഉല്പാദനക്ഷമതയും ക്വാളിറ്റിയും വർദ്ധിപ്പിക്കുന്നതിനായി ഒരു റിസേർച്ച് ആൻറ് ഡെവലപ്പ്മെൻറ് സെൻറർ തൃശ്ശൂരിൽ സ്ഥാപിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| ഇ) | പൂട്ടിക്കിടന്ന സ്പിന്നിംഗ് മില്ലുകൾ തുറക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ഇ) | പൂട്ടിക്കിടന്ന തിരുവനന്തപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ തീരുമാനിക്കുകയും 4.21 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും ഇതിനായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻെറ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മില്ലിൻെറ നവീകരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.<br>പൂട്ടിക്കിടന്ന മലബാർ സ്പിന്നിംഗ് ആൻറ് വീവിംഗ് മിൽ 2008 ഡിസംബറിൽ സർക്കാർ തുറന്നു പ്രവർത്തിപ്പിക്കുകയും മില്ലിൻെറ നവീകരണ പ്രവർത്തനങ്ങൾക്കായി 12.10 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും ചെയ്തു. നവീകരണ പ്രക്രിയകൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| എഫ്) | വൻകിട ടെക്സ്റ്റയിൽ കമ്പനികളുമായി യോജിച്ച് ചെറുകിട നെയ്ത്തുശാലകൾ വികസിപ്പിക്കുവാനും ഉല്പാദനം കൂട്ടുവാനും നടപടി സ്വീകരിക്കുമോ? | എഫ്) | സ്വീകരിച്ചിട്ടുണ്ട്. 2008 നവംബർ 22,23 തീയതികളിൽ തിരുവനന്തപുരത്തു വച്ച് ബയർ സെല്ലർ മീററ് സംഘടിപ്പിച്ച് അതുവഴി ടെക്സ്റ്റൈൽ കമ്പനികൾ, വിതരണക്കാർ, ടെക്സ്റ്റൈൽ വ്യാപാരികൾ തുടങ്ങിയവരെ കൈത്തറി മേഖലയുമായി ബന്ധപ്പെടുത്തി വിപണനം വർദ്ധിപ്പിക്കുന്നതിന് കൈത്തറി സംഘങ്ങളെ ദത്തെടുക്കൽ തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുകയാണ്. കൂടാതെ ഇതുപോലെ ഒരു മീററ് ചെന്നൈയിൽ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 77

26.11.2008-ൽ മറുപടിക്ക്

# സെസ്സുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച കേന്ദ്ര നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു :<br>ശ്രീ. കെ.സി. വേണുഗോപാൽ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സെസ്സുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു കേന്ദ്ര നിയമം നിലവിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സെസ്സിൽ തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്ന--തിനുള്ള നടപടി വിശദമാക്കുമോ : | (ബി) സംസ്ഥാനത്തെ സെസ്സുകളെ തൊഴിൽ നിയമങ്ങൾ, ട്രേഡ് യൂണിയൻ നിയമങ്ങൾ, ക്ഷേമനിധി നിയമം, പ്രോവിഡണ്ട് ഫണ്ട് നിയമം, ഫാക്ടറീസ് ആക്ട്, ഗ്രാറ്റുവിറ്റി ആക്ട് തുടങ്ങി തൊഴിലാളികളുടെയും ജീവനക്കാരുടെയും അവകാശങ്ങ--ളുമായി ബന്ധപ്പെട്ട ഒരു നിയമത്തിൽ നിന്നും ഒഴിവാക്കുന്നതല്ല. |
| (സി) കേന്ദ്ര നിയമത്തിൽ അതു സംബന്ധിച്ച വ്യവസ്ഥകളും സംസ്ഥാനത്തിന്റെ സമീപനവും തമ്മിൽ വൈരുദ്ധ്യമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) ചെറിയ വൈരുദ്ധ്യം ഉണ്ട്. സംസ്ഥാന സർക്കാരിന്റെ സെസ്സ് നയം പ്രകാരം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ അദ്ധ്യായം 5-ബി-യിൽ നിന്നും സെസ്സുകളെ ഒഴിവാക്കുമെന്ന കേന്ദ്ര വ്യവസ്ഥ നടപ്പാക്കുന്നതല്ല. |
| (ഡി) കേന്ദ്ര നിയമത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന നയത്തിന് നിലനിൽപുണ്ടോ ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 78 — 26.11.2008-ൽ മറുപടിക്ക്

## ജല അതോറിറ്റിയുടെ പുനഃസംഘടന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. കെ.അജിത്<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയുടെ പുനഃസംഘടനയെക്കുറിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ സമിതിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിൽ താഴെപ്പറയുന്ന എട്ട് കാര്യങ്ങളിലും വ്യക്തമായ ശുപാർശകൾ പ്രതീക്ഷിക്കുന്നു.<br>1. കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടന.<br>2. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ<br>3. കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പുനഃക്രമീകരണം<br>4. കമ്പ്യൂട്ടറൈസേഷൻ<br>5. ഉപഭോക്തൃ സേവനങ്ങൾ സംബന്ധിച്ച്<br>6. കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കൽ<br>7. ജലവിതരണ-നിർഗ്ഗമന പ്രവർത്തനം വ്യാപിപ്പിക്കലും, ജലനഷ്ടം കുറയ്ക്കലും, 24 മണിക്കൂർ ജലവിതരണം നടപ്പിൽ വരുത്തുന്നതിന്<br>8. കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നിലമെച്ചപ്പെടുത്തുന്നതിന് |

| | | | |
|---|---|---|---|
| (സി) | ഈ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് മാത്രമേ ലഭ്യമായിട്ടുള്ളൂ. |
| (ഡി) | ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനും പ്രോജക്ടിനും ചീഫ് എഞ്ചിനീയർ തലം വരെ പ്രത്യേകം പ്രത്യേകം ആഫീസുകൾ വിഭാവനം ചെയ്യുന്നുണ്ട്. പൗരാവകാശ രേഖയും ഉപഭോക്തൃ പ്രശ്ന പരിഹാര മാനേജ്മെന്റും പുനഃസംഘടന നിർദ്ദേശങ്ങളുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. ജലനഷ്ടം യഥാസമയം പരിഹരിക്കുന്നതിനായി ഓവർസിയറുടെ മേൽനോട്ടത്തിൽ പ്രാദേശികമായി ആഫീസുകൾ സ്ഥാപിച്ച് പഞ്ചായത്ത് തലം വരെ ജല അതോറിറ്റിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ട്. കേരളത്തിലൊട്ടാകെ ജലവിതരണം സമയബന്ധിതമായി വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 79 | 26..11..2008 ൽ മറുപടിക്ക് |
|---|---|

### ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റം പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുധാകരൻ<br>ശ്രീ. എം. മുരളി<br>ശ്രീ. എൻ.ശക്തൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സബ്സെൻററുകളിൽ നിന്നും പ്രതിമാസ സർവ്വേകളും റിപ്പോർട്ടുകളും ബ്ളോക്ക് , ജില്ലാ , സംസ്ഥാനതല ആരോഗ്യ കേന്ദ്രങ്ങളിലെത്തിക്കുന്നതിനുള്ള പദ്ധതിയുടെ ജോലികൾ തിരുവനന്തപുരം ജില്ലയിൽ, പൈലറ്റ് പ്രോജക്ട് ആയി ചെയ്യുന്നതിന്, നോർവെയിലെ ഓസ്ളോ സർവ്വകലാശാലയുടെ കീഴിലുള്ള ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റം പ്രോജക്ട് എന്ന സ്ഥാപനത്തിനു നൽകിയോയെന്ന കാര്യം വ്യക്തമാക്കുമോ ; | എ) | ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റം പ്രോജക്ട് (HISP) ഇന്ത്യാ ലിമിറ്റഡ് മുഖാന്തിരം, ആരോഗ്യ വിവര സംവിധാനത്തിൻെറ പൈലറ്റ് പ്രോജക്ട്, തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കാൻ തിരുമാനിച്ചു. യൂണിവേഴ്സിറ്റി ഓഫ് ഓസ്ലോയുടെ (നോർവ്വേ) സാങ്കേതിക സഹായത്തോടെ ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സർക്കാർ ഇതര (NGO) സംഘടനയായ HISP India, തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. അവരുടെ സോഫ്റ്റ്വെയർ ഓപ്പൺ സോഴ്സ് ആയതും,സൗജന്യവും ആർക്കും ഉപയോഗിക്കാവുന്നതുമാണ്. പ്രസ്തുത സംഘടനയുടെ സംരംഭം ഝാർഖണ്ഡ്, മധ്യപ്രദേശ്, ഗുജറാത്ത്,ഛത്തീസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. |
| ബി) | പ്രസ്തുത ജോലി ചെയ്യുന്നതിന് പ്രതിഫലം വേണ്ടന്ന് അവർ പറഞ്ഞിരുന്നുവോ; ഇതിൻെറ പ്രാരംഭ ചെലവുകൾക്കായി അവർക്ക് എത്ര തുക കൊടുത്തു എന്ന് വ്യക്തമാക്കുമോ; | ബി) | പരിശീലനത്തിനും സോഫ്റ്റ്വെയർ സാധൂകരണത്തിനും മാത്രമാണ് തുക നൽകേണ്ടത്. ആയതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ പൈലറ്റ് പ്രോജക്ടിന് 19.50 ലക്ഷം രൂപ (പത്തൊൻപതര ലക്ഷം രൂപ മാത്രം) NRHM, HISP ന് നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 17 ആരോഗ്യ കേന്ദ്രങ്ങളിൽ ഹിസ്പ് ഇന്ത്യ സൗജന്യമായി കമ്പ്യൂട്ടർ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | അവർ ഏറ്റെടുത്തു നടത്തിയ പൈലറ്റ് പ്രോജക്ട് വിജയകരമായിരുന്നുവോ; | സി) | ആയിരുന്നു. |
| ഡി) | സംസ്ഥാനമൊട്ടാകെയുള്ള പദ്ധതിയുടെ ജോലി, ടെണ്ടർ വിളിക്കാതെ അവർക്ക് തന്നെ കൊടുത്തുവെങ്കിൽ എന്തു തുകയ്ക്കാണ് കൊടുത്തത്; ഈ ജോലി അവർക്ക് കൊടുത്ത ശേഷം ആരോഗ്യമന്ത്രിയും സെക്രട്ടറിയും ഓഫീസോ സന്ദർശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) | സോഫ്റ്റ് വെയർ സൗജന്യമായി നൽകിയതിനാലും മറ്റു സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പാക്കിയതിനാലും ടെണ്ടർ വിളിച്ചിട്ടില്ല. സംസ്ഥാനമൊട്ടാകെയുള്ള പദ്ധതിയുടെ തുടക്കത്തിനു ശേഷം ആരോഗ്യ മന്ത്രിയോ സെക്രട്ടറിയോ ഓഫീസോ സന്ദർശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 80 | 26/11/2008-ൽ മറുപടിയ്ക്ക് |
|---|---|

ആശുപത്രികളിൽ പ്രതിരോധ വാക്സിനുകളുടെയും ജീവൻരക്ഷാ മരുന്നുകളുടേയും അഭാവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.കെ.സി.ജോസഫ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രതിരോധ വാക്സിനുകളുടെയും ജീവൻ രക്ഷാ മരുന്നുകളുടേയും അഭാവം , ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വാക്സിൻ നിർമ്മാണ യൂണിറ്റുകളുടെ പ്രവർത്തനം നിർത്തിയതിനാൽ പ്രതിരോധ വാക്സിനുകൾക്ക് ദൗർലഭ്യം നേരിട്ടു. ജീവൻരക്ഷാ മരുന്നുകളുടെ അഭാവമില്ല.

(ബി) പേപ്പട്ടി വിഷബാധക്കുള്ള വാക്സിൻ പാമ്പ് കടിയേറ്റവർക്ക് വേണ്ട ആന്റിവെനം എന്നിവയുടെ ദൗർലഭ്യം പലപ്പോഴും രോഗികൾ മരണപ്പെടുന്നതിന് കാരണമാകുന്നതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) സംസ്ഥാനത്ത് പാമ്പുകടിയേറ്റവർക്കു നൽകുന്ന ആന്റിവെനത്തിനും പേപ്പട്ടിവിഷബാധ യേറ്റവർക്കുനൽകുന്ന ആന്റിറാബീസ് വാക്സിനും ക്ഷാമമില്ല. 2008 ഏപ്രിൽ 1-ന് ശേഷം ഇതിനകം 2,11,003 വയൽ ആന്റിറാബീസ് വാക്സിൻ ആശുപത്രികളിൽ വിതരണം ചെയ്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 14 ജില്ലാ വെയർ ഹൗസുകളിലുമായി 30,962 വയൽ സ്റ്റോക്കുണ്ട് ആന്റിവെനം 3961 വയൽ ആശുപത്രികളിൽ വിതരണം ചെയ്തു. വെയർ ഹൗസുകളിൽ 1241 വയൽ സ്റ്റോക്കുണ്ട്.

(തുടർച്ച)

പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ ഒരു സ്ത്രീ പേപ്പട്ടി വിഷബാധയേറ്റ് മരിച്ചിരുന്നു. 07.10.2008-ന് മുഖത്ത് സാരമായി പേപ്പട്ടിയുടെ കടിയേറ്റ ഇവർക്ക് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽവെച്ച് ആദ്യഡോസ് വാക്സിൻ നൽകിയിരുന്നു. ഗുരുതരമായി കടിയേറ്റതിനാൽ പെട്ടെന്ന് തലച്ചോറിന് വിഷബാധയേൽക്കു മെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാർ 10,000/- രൂപ വിലയുള്ള ആന്റി റാബീസ് സിറവും നൽകിയിരുന്നു. അടുത്ത ഡോസ് എടുക്കുന്നതിന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തുവാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇവർ വന്നിരുന്നില്ല. പകരം സ്വകാര്യ ആശുപത്രിയിൽ നിന്നും വാക്സിൻ എടുത്തുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ദിവസങ്ങൾക്കുള്ളിൽ ഇവർക്ക് പേവിഷബാധയുടെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടു. തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുവന്നെങ്കിലും ഇവരെ ആശുപത്രിയിൽ അഡ്മിറ്റുചെയ്യുവാൻ ബന്ധുക്കൾ തയ്യാറായിരുന്നില്ല. തുടർന്ന് വീട്ടിലേക്ക് കൊണ്ടു പോയതിനു ശേഷമാണ് മരിച്ചത്.

Raman

സെക്ഷൻ ഓഫീസർ.

| List of life saving drugs | |
|---|---|
| S.No | DRUG NAME |
| 1 | AMIKACIN SULPHATE INJ |
| 2 | AMINOPHYLLINE INJ |
| 3 | SALBUTAMOL NEBULISER SOLUTION |
| 4 | KETAMINE INJ |
| 5 | LIGNOCAINE HCL INJ. |
| 6 | Neostigmine Methyl Sulphate Inj |
| 7 | PANCURONIUM BROMIDE INJ. |
| 8 | SODIUM BICARBONATE INJ. |
| 9 | STERILE SUCCINYL CHOLINE CHLORIDE INJ. |
| 10 | HYDROCORTISONE SODIUM SUCCINATE INJ. |
| 11 | ADRENALINE BITARTRATE INJ. |
| 12 | METHYL PREDNISOLONE SODIUM SUCCINATE INJ |
| 13 | ATROPINE SULPHATE INJ. |
| 14 | PRALIDOXIME INJ |
| 15 | PHENOBARBITONE SODIUM INJ IP |
| 16 | DIAZEPAM INJ. |
| 17 | PHENYTOIN SODIUM INJ. |
| 18 | CHLOROQUINE PHOSPHATE TAB |
| 19 | HEPARIN SODIUM INJ |
| 20 | INJ. PHYTOMENADIONE (VITAMIN K1) |
| 21 | FAT EMULSION IV |
| 22 | PROTAMINE SULPHATE INJ |
| 23 | DOPAMINE HCL USP INJ. |
| 24 | DOBUTAMINE HCL INJ. |
| 25 | METOPROLOL INJ. |
| 26 | STREPTOKINASE inj |
| 27 | PROSTOGLANDINE INJ. |
| 28 | MAGNESIUM SULPHATE INJ. |
| 29 | HALOPERIDOL INJ |
| 30 | SODIUM CHLORIDE INJ |
| 31 | SODIUM CHLORIDE 0.9% & DEXTROSE 5% W/V |
| 32 | DEXTROSE INJ |
| 33 | DEXTROSE INJ |
| 34 | RINGER'S LACTATE INJ |
| 35 | MANNITOL INJECTION |
| 36 | POTTASIUM CHLORIDE INJ |
| 37 | FRUSEMIDE TAB |
| 38 | METOCLOPRAMIDE INJ. |
| 39 | DICYCLOMINE HCL INJ |
| 40 | SYRUP LACTULOSE |
| 41 | INSULIN HUMAN RAPID ACTING |
| 42 | INSULIN HUMAN LONG ACTING |
| 43 | TETANUS TOXOID INJ |
| 44 | TETANUS IMMUNOGLOBULIN |
| 45 | ANTI SNAKE VENOM |
| 46 | Anti -RABIES VACCINE |
| 47 | Anti Rabies Immunoglobulin Human |
| 48 | CALCIUM GLUCONATE INJ |
| 49 | IOHEXOL INJ |
| 50 | CYCLOPHOSPHAMIDE INJ |
| 51 | INJ.BLEOMYCIN |
| 52 | HIV ANTIBODY detection kit |
| 53 | HBSag detection kit |
| 54 | oxytocin inj. |
| 55 | oxygen inhalation |

R Anwar
Section officer

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.81 — 26.11.2008ൽ മറുപടിയ്ക്ക്

ക്യാൻസർ ബാധിതരായ 16 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

**ചോദ്യം**

ശ്രീ.സി.എച്ച്.കുഞ്ഞമ്പു:
ശ്രീ.സി.എം.ദിനേശ് മണി:
ശ്രീ.വി.ചെന്താമരാക്ഷൻ:
ശ്രീ.പി.ജയരാജൻ:
ശ്രീമതി.ജെ.അരുന്ധതി:

**ഉത്തരം**

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്യാൻസർ ബാധിതരായ 16 വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നല്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഗവ.മെഡിക്കൽ കോളേജുകൾ, ആർ.സി.സി, മലബാർ ക്യാൻസർ സെന്റർ, പരിയാരം മെഡിക്കൽ കോളേജ്, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ചികിൽസ തേടുന്ന 16 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രകാരം ചികിത്സയ്ക്ക് ആവശ്യമായ എല്ലാ മരുന്നുകളും ക്ലിനിക്കൽ പരിശോധനകളും സൗജന്യമാണോ എന്നു വ്യക്തമാക്കുമോ; | (ബി) | പദ്ധതി പ്രകാരം ചികിത്സാ സഹായത്തിന് അർഹതയുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി വരുന്നു. മാനദണ്ഡങ്ങളനുസരിച്ചുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് മരുന്നുകളും ചികിത്സയും സൗജന്യമായിരിക്കും. |
| (സി) | പദ്ധതി എന്നു മുതൽ നടപ്പാക്കും എന്ന് അറിയിക്കുമോ; | (സി) | 1.11.2008 മുതൽ മുൻകാല പ്രാബല്യത്തോടെ, പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം ഏതെല്ലാം ആശുപത്രികളിലാണ് ലഭ്യമാക്കുന്നത്; | (ഡി) | സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രി, പരിയാരം കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, മലബാർ ക്യാൻസർ |

| | | | |
|---|---|---|---|
| | | | സെന്റർ, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളിലൂടെ ഈ പദ്ധതി പ്രകാരം ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതാണ്. |
| (ഇ) | ക്യാൻസർ രോഗികളായ കുട്ടികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുമോ? | (ഇ) | ഇക്കാര്യം ഉറപ്പു വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

41

## പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 82 — 26.11.2008-ൽ മറുപടിക്ക്

## സെസ്സ് നയം

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. എ.എം. ആരിഫ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ.കെ. ദിവാകരൻ :
ശ്രീ. കെ.വി. കുഞ്ഞിരാമൻ :

**ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ;

(എ) നയം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) സെസ്സ് അനുവദിക്കുമ്പോൾ സംസ്ഥാനത്തിന്റെയും തൊഴിലാളികളുടെയും താൽപര്യം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ :

(ബി) സ്വീകരിക്കും.

(സി) സെസ്സ് സംബന്ധിച്ച നയരേഖ കേന്ദ്ര സെസ്സ് നിയമവുമായി പൊരുത്തപ്പെടുമോ എന്നു പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നയരേഖ പ്രാബല്യത്തിൽ വരുത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുമോ എന്ന് വ്യക്തമാക്കുമോ ;

(സി) സെസ്സ് സംബന്ധിച്ച നയരേഖ കേന്ദ്ര സെസ്സ് നിയമവുമായി പൊതുവേ പൊരുത്തപ്പെടുന്നതാണ്.

(ഡി) സെസ്സ് അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുള്ളത്; ഇതിൽ എത്ര എണ്ണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പത്ത് അപേക്ഷകൾ പരിഗണനയ്ക്കായി അയച്ചു. ഇതിൽ മെ. സതർലാൻഡ് ഗ്ലോബൽ ലിമിറ്റഡിന് കേന്ദ്രാനുമതി ലഭിച്ചു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് പുതുതായി എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

(ഇ) ഉണ്ട്. കെ.ജി.എസ്.ടി ആക്ട് പ്രകാരം (വാറ്റ് ഉൾപ്പെടെ) പിരിക്കുന്ന നികുതികളിൽ നിന്ന് സെസ്സിലെ വ്യവസായ സംരംഭങ്ങളെ മാത്രം പ്രവർത്തനം ആരംഭിച്ച് 10 വർഷം വരെ ഒഴിവാക്കുന്നതാണ്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 83 | 26/11/2008-ൽ മറുപടിയ്ക്ക് |
|---|---|

**മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ.ജോർജ് എം.തോമസ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിലവിൽ വന്നതിനു ശേഷം ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിലും വിതരണം ചെയ്യുന്നതിലും എന്തെങ്കിലും നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ഗുണമേന്മയുള്ള മരുന്നുകളും ചികിത്സാ സാമഗ്രികളും മിതമായ വിലയ്ക്ക് വാങ്ങി സംഭരിച്ച് ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നു. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് പാലിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രം ഉല്പന്നങ്ങൾ വാങ്ങുന്നു. മരുന്നുകളുടെ സാമ്പിൾ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലുള്ള ലബോറട്ടറികളിൽ അയച്ച് ഗുണമേന്മ ഉറപ്പുവരുത്തിയശേഷം വിതരണത്തിനു നൽകുന്നു. മരുന്നുകൾ കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ ശേഖരിച്ചശേഷം വിവിധ ആശുപത്രികളിൽ നിന്നുള്ള ഇൻഡന്റ് പ്രകാരം വിതരണം ചെയ്യുന്നു. കമ്പ്യൂട്ടർ സംവിധാനത്തിലൂടെ ജില്ലാ ഓഫീസും കേന്ദ്ര ഓഫീസും ബന്ധിപ്പിച്ചിരിയ്ക്കുന്നതിനാൽ മരുന്നുകളുടെ ഇൻഡന്റ് തയ്യാറാക്കൽ ടെണ്ടറിംഗ്, പർച്ചേസ് ഓർഡർ നൽകൽ, സ്റ്റോക്ക് നിരീക്ഷണം, ക്വാളിറ്റി കൺട്രോൾ നിരീക്ഷണം, പേയ്മെന്റ് സമ്പ്രദായം റീ-ഓർഡറിംഗ് തുടങ്ങിയവ സുതാര്യവും

കാലതാമസമില്ലാതെയും ചെയ്യാൻ കഴിയുന്നു. 454 ഇനം മരുന്നുകൾ വാങ്ങുന്നതിന് ഇതിനകം ഉത്തരവ് നൽകി. പൊതുമേഖലാ സ്ഥാപനമായ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്നും 32 ഇനം മരുന്നുകളും വാങ്ങുന്നു. പൊതു വിപണിയിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് 302 ഇനം മരുന്നുകൾ വാങ്ങിയിട്ടുള്ളത്.

(ബി) കോർപ്പറേഷൻ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം വിശദമാക്കുമോ ;

(ബി) മരുന്നുകളുടെ ഇൻഡന്റ് തയ്യാറാക്കൽ, ടെണ്ടറിംഗ്, സംഭരണം, സ്റ്റോറേജ്, വിതരണം, മരുന്നു സംഭരണത്തിലെ ക്വാളിറ്റി കൺട്രോൾ നിരീക്ഷണം, ബിൽ പാസാക്കൽ എന്നിവ കമ്പ്യൂട്ടർ സംവിധാനത്തിലൂടെയാണ് കോർപ്പറേഷൻ നിർവഹിക്കുന്നത്. സുതാര്യവും ഫലപ്രദവും താരതമ്യേന ചെലവു കുറഞ്ഞതുമായ ഈ സംവിധാനത്തിലൂടെ മിതമായ ചെലവിൽ ഗുണമേൻമയുള്ള മരുന്നും ചികിത്സാ സാമഗ്രികളും സർക്കാർ ആശുപത്രികളിൽ സംഭരിച്ചു വിതരണം ചെയ്യാൻ സാധിക്കുന്നു. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസസ് നടപ്പിലാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നു മാത്രം ഉല്പന്നങ്ങൾ വാങ്ങുകയും ഓരോ ബാച്ച് മരുന്നിനോടൊപ്പവും ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റും സമർപ്പിക്കണമെന്ന് നിർമ്മാതാവിനോട് നിഷ്കർഷിക്കുകയും സപ്ലൈയർ /മരുന്നു നിർമ്മാതാക്കൾ നൽകുന്ന മരുന്നുകളുടെ സാമ്പിൾ കമ്പ്യൂട്ടർ സഹായത്തോടെ കോർപ്പറേഷൻ തന്നെ സംഭരിച്ച് അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഉറപ്പു വരുത്തുന്നു.

ജില്ലാ വെയർഹൗസുകളിൽ മരുന്നുകളുടെ ലഭ്യത കമ്പ്യൂട്ടർ സംവിധാനത്തിലൂടെ നിരീക്ഷിച്ച് സ്റ്റോക്ക് പൊസിഷൻ

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തുന്നതിലൂടെ വിതരണം സുഗമമാക്കാൻ സാധിക്കുന്നു. ആവശ്യാനുസരണം മാത്രം മരുന്നുകൾ സംഭരിക്കുക വഴി സംഭരണത്തിലെ അനാവശ്യ ചെലവ് ഒഴിവാക്കാനും കാലപ്പഴക്കത്തിലൂടെ മരുന്നുകളുടെ ഗുണനിലവാരം കുറയുന്നത് ഇല്ലാതാക്കാനും സാധിക്കുന്നു. |
| (സി) | ഈ വർഷം എത്ര കോടി രൂപയുടെ മരുന്ന് കോർപ്പറേഷൻ വാങ്ങി വിതരണം ചെയ്തു എന്ന് അറിയിക്കുമോ ; | (സി) | 17-11-2008 വരെ 89.25 കോടി രൂപ വില വരുന്ന മരുന്നിന് കോർപ്പറേഷൻ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇതുവരെയായി 64.48 കോടി രൂപയുടെ മരുന്നുകൾ കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ സംഭരിക്കുകയും 51.96 കോടി രൂപയുടെ മരുന്നുകൾ സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 8.87 കോടി രൂപ വിലവരുന്ന മരുന്നിനുള്ള ഓർഡർ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡിനാണ് നൽകിയിട്ടുള്ളത്. 5.34 കോടി രൂപയ്ക്കുള്ള മരുന്നുകൾ അവർ ഇതിനകം നൽകിയിട്ടുണ്ട്. |
| (ഡി) | ആശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടോ ? | (ഡി) | കോർപ്പറേഷൻ മുഖേന വിതരണം ചെയ്യുന്നത് സർക്കാർ അംഗീകരിച്ച അവശ്യമരുന്നുകളുടെ പട്ടികയിൽ നിന്നാണ്. ഇവയുടെ ദൗർലഭ്യം അനുഭവപ്പെട്ടിട്ടില്ല. |

[signature]

**സെക്ഷൻ ഓഫീസർ.**

പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 84 — 26.11.2008-ൽ മറുപടിക്ക്

## പൊതുമേഖലയെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ചന്ദ്രൻ<br>ശ്രീ.പി.പി.അബ്ദുള്ള കുട്ടി<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലയെ സംരക്ഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുന: ക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതിക വിദ്യയുടെ നവീകരണം, തൊഴിലാളികളുടെയും ജീവനക്കാരുടേയും പുനക്രമീകരണം, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാദ്ധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവിനെ സുതാര്യമായ നടപടി ക്രമങ്ങളിലൂടെ തെരഞ്ഞെടുക്കുന്നതിനായി സെലക്ഷൻ കമ്മിറ്റിയുണ്ടാക്കുകയും പ്രസ്തുത കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് എം.ഡി മാരെ നിയമിച്ചുവരുകയും ചെയ്യുന്നു.<br><br>വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.<br><br>ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുവാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി ദേശീയ അന്തർദേശീയ തലത്തിൽ |

വ്യാപിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി "Resurgence" എന്ന പേരിൽ ഒരു quarterly news letter പ്രസിദ്ധീകരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ മികച്ച സ്ഥാപനത്തിനെയും, മികച്ച Chief Executive Officer- നെയും തെരഞ്ഞെടുത്ത് അവാർഡുകൾ 2007 മുതൽ നൽകിവരുന്നു.

കേന്ദ്ര സർക്കാർ ഏജൻസികളുമായും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായും Strategic tie-ups നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനരുദ്ധാരണ നടപടികൾ നടന്നുവരുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. Kerala State Electronics Development Corporation Limited (KSEDC)
2. Steel Complex Limited-
3. Steel Industrials Kerala Limited- ന്റെ അനുബന്ധ സ്ഥാപനമായ Autokast Limited- ഉം ചേർത്തലയിലുള്ള Steel Fabrication Unit- ന്റെയും സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റയിൽവേയ്ക്കാവശ്യമായ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 2007-08-ലെ റയിൽവേ ബഡ്ജറ്റിൽ അനുമതി നൽകിയിട്ടുണ്ട്.
4. Kerala State Textiles Corporation Limited-ന്റെ അധീനതയിലുള്ള യൂണിറ്റുകൾ.

(സി) പൂട്ടിക്കിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തനമില്ലാതെ കിടന്നിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തനം നിലച്ചിരുന്ന കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡിന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Development Corporation Ltd (KSEDC) -നെ ചുമതലപ്പെടുത്തിയും അവിടെ ഉണ്ടായിരുന്ന 85 ജീവനക്കാരെ കെൽട്രോണിന്റെ യൂണിറ്റുകളിൽ നിയമിച്ചിട്ടുമുണ്ട്. Keltron Counters Limited-ന്റെ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന സർക്കാർ സ്ഥാപനത്തിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങളും നടന്നുവരുന്നു.

BIFR - ന്റെ തീരുമാനപ്രകാരം പ്രവർത്തനം നിർത്തലാക്കിയിരുന്ന Trivandrum Spinning Mills-നെ Kerala State Textile Corporation-ന്റെ യൂണിറ്റാക്കി ഒരു Open-end spinning Mill തുടങ്ങുന്നതിനുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ലിക്വിഡേഷനിലായിരുന്ന Trivandrum Spinning Mills -നെ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ലിക്വിഡേറ്ററിൽ നിന്നും ഏറ്റെടുത്ത് നടത്താനായി Kerala State Textile Corporation-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

കൂടാതെ പ്രവർത്തനം നിർത്തലാക്കിയിരുന്ന Kerala State Textile Corporation- ന്റെ യൂണിറ്റായ Malabar Spinning & Weaving Mills തുറന്ന് പ്രവർത്തനം ആരംഭിച്ചു.

ഇപ്പോൾ പ്രവർത്തനമില്ലാതെ കിടക്കുന്ന കേരള സംസ്ഥാന സാലിസിലേറ്റ്സ് ആൻറ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ITI Ltd യുമായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെൻറ് കോർപ്പറേഷനു കൈമാറാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പ്രവർത്തനമില്ലാതെ കിടക്കുന്ന Metropolitan Engineering Company Limited- ന്റെ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Limited- ന് കൈമാറാനും അവിടെ ഒരു Hyper Super Market cum Office Complex സ്ഥാപിക്കുന്നതിനുമായി Kerala State Industrial Enterprises Limited സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

Kerala Soaps & Oils Limited - യിലെ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് സോപ്പും സോപ്പ് നൂഡിൽസും നിർമ്മിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

Kerala State Detergents & Chemicals Limited- ന്റെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായികാവശ്യങ്ങൾക്കായി lease വ്യവസ്ഥയിൽ നൽകുന്നതിനുള്ള സാധ്യതകളും സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Limited- ഉം Keltron Rectifiers Limited- ഉം അവയുടെ എല്ലാ ആസ്തികളും ബാധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി

| | |
|---|---|
| | ഹോൾഡിംഗ് കമ്പനിയായ **KSEDC** ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു; ഇപ്പോൾ എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 11 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ 27 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെന്റിന് പരിശീലനം നൽകുന്ന പരിപാടി നടപ്പാക്കിയിട്ടുണ്ടോ; ഇത് മൂലം കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുമോ? | (ഇ) ഉണ്ട്; പൊതുമേഖലാ സ്ഥാപനങ്ങളിലെ **CEOs/Senior level officers-** ന്റെ പരിശീലന പരിപാടികൾ കമ്പനികളുടെ പ്രവർത്തനത്തിന് സഹായകമാകുന്നുണ്ടോയെന്ന കാര്യം റിയാബ് മുഖേന ഓരോ മാസവും നടക്കുന്ന മന്ത്രിതല അവലോകനത്തിൽ പരിശോധിക്കാറുണ്ട്. കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം ആവശ്യമായ മേഖലകളിൽ തുടർ പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള നടപടികളും റിയാബ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 85 | 26..11..2008 ൽ മറുപടിക്ക് |
|---|---|

### ജീവൻ രക്ഷാ ഔഷധങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാഴിക്കാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.ജോസഫ് എം. പുതുശ്ശേരി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | ജീവൻ രക്ഷാ ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ള തെന്ന് വിശദമാക്കുമോ ; | (എ) | തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറിയിൽ പ്രതിവർഷം ഉദ്ദേശം 4000 മരുന്ന് സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനമാണ് ഇപ്പോഴുള്ളത്.മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ കാര്യക്ഷമമായ ഒരു സ്ഥിരം സംവിധാനമുണ്ട്. ഈ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും സർക്കാർ ആശുപത്രികളിൽ നിന്നും സ്റ്റാറ്റ്യൂട്ടറി സാമ്പിളായും സർവ്വേ സാമ്പിളായും ശേഖരിക്കുന്ന മരുന്നുകൾ തിരുവനന്തപുരത്തെ സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറിയിലേയ്ക്കയക്കുന്നു. പരിശോധനകൾ നടത്തിയ ശേഷം റിപ്പോർട്ട് ചീഫ് ഗവൺമെന്റ് അനലിസ്റ്റ് , ഡ്രഗ്സ് കൺട്രോളർമാർക്കും ബന്ധപ്പെട്ട ഡ്രഗ്സ് ഇൻസ്പെക്ടർമാർക്കും നൽകുന്നു. തുടർന്ന് ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ വിതരണവും വിൽപ്പനയും തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു. |
| (ബി) | ഈ സംവിധാനങ്ങൾ പര്യാപ്തമാണോ; അല്ലെങ്കിൽ പുതുതായി എന്തൊക്കെ സംവിധാനമാണ് സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്നത് ? | (ബി) | നിലവിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86 | | 26.11.2008 -ൽ മറുപടിയ്ക്ക് |
|---|---|---|
| സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. എൻ.രാജൻ<br>ശ്രീമതി.ഇ.എസ്. ബിജി മോൾ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.കെ. അജിത്<br>ശ്രീ.വി.എസ്. സുനിൽ കുമാർ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കി ഏതെല്ലാം പദ്ധതികൾ ഏതെല്ലാം വകുപ്പുകൾ വഴി നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) സാമൂഹ്യക്ഷേമ ഡയറക്ടറേറ്റു വഴി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ നടത്തി വരുന്നു.<br>1) സംയോജിത ശിശു വികസന പദ്ധതി.<br>2) 72 ക്ഷേമ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസം.<br>3) കിശോരി ശക്തിയോജന<br>4) ന്യൂട്രീഷ്യൻ പ്രോഗ്രാം ഫോർ അഡോളസെന്റ് ഗേൾസ് (പാലക്കാട്. മലപ്പുറം)<br>5) ഐസിഡിഎസ് ട്രെയിനിംഗ് പദ്ധതി.<br>6) അഡോപ്ഷൻ<br>7) അനാഥ അഗതി സംരക്ഷണം (ഓർഫനേജ്)<br>8) ഗാർഹിക പീഡനത്തിനെതിരെയുള്ള സംരക്ഷണ നിയമം,2005 നടപ്പാക്കൽ<br>9) സ്ത്രീധന നിരോധന നിയമം, ബാലനീതി നിയമം നടപ്പാക്കൽ<br>10) രോഗികളായ കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി.<br>11) സ്ത്രീ ശാക്തീകരണത്തിനുള്ള ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം<br>12) വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ |

13)വികലാംഗരായ പെൺകുട്ടികൾക്കും , വികലാംഗരായ രക്ഷകർത്താക്കളുടെ പെൺമക്കൾക്കും വിവാഹത്തിനായി ധനസഹായം.

14) വികലാംഗരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം, സ്കോളർഷിപ്പ്.

15) ജെന്റർ ബോധവൽക്കരണ പരിപാടികൾ

വനിതാ വികസന കോർപ്പറേഷൻ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1) ഇരട്ടി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വനിതകൾക്ക് സ്വയം തൊഴിൽ വായ്പാ പദ്ധതി.

2) പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന ഇരട്ടി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥിനികൾക്ക് വിദ്യാഭ്യാസ വായ്പാ പദ്ധതി.

3)തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ

4) ബോധവൽക്കരണ പരിപാടികൾ

5) വനിതാ സംരംഭകർക്ക് മാർക്കറ്റിംഗ് സൗകര്യങ്ങൾ

6) ഫിനിഷിംഗ് സ്കൂൾ പദ്ധതികൾ

7) വനിതകൾക്ക് കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം

8) വനിതാ പോളിടെക്നിക്കിൽ വിമൻ റിസോഴ്സ് സെന്റർ

9) ജെൻഡർ ബോധവൽക്കരണ പരിപാടികൾ

10) വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് വഴി ക്രഷ് പ്രോഗ്രാം , വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ഷോർട്ട് സ്റ്റേ ഹോം, ഫാമിലി കൗൺസിലിംഗ് സെന്റർ, ബോധവൽക്കരണ ക്യാമ്പുകൾ, വൊക്കേഷണൽ ട്രെയിനിംഗ്, കണ്ടൻസ്ഡ് കോഴ്സ് തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു.

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിൽ നിന്നുമാണ് ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ബഡ്ജറ്റ് അലോട്ട്മെന്റ് ലഭിക്കുന്നത്.

കേരള വനിതാ കമ്മീഷൻ മുഖേന, അതിക്രമത്തിന് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം ഉറപ്പു വരുത്തുന്നതി-നാവശ്യമായ വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.

ആരോഗ്യ വകുപ്പ് വഴി അമ്മമാരുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1) ഗർഭിണികളുടെ പേര് രജിസ്റ്റർ ചെയ്യലും പരിശോധനയും
2) ടെറ്റനസ് കുത്തിവയ്പ്
3) വിളർച്ച തടയുന്നതിനും ചികിത്സിക്കുന്നതിനുമുള്ള അയൺഫോളിക് ആസിഡ് ഗുളികകൾ നൽകുന്നു.
4) ആശുപത്രി പ്രസവം പ്രോത്സാഹിപ്പിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗർഭിണികൾക്ക് ജനനി സുരക്ഷാ യോജന വഴിയുള്ള സാമ്പത്തിക സഹായവും നൽകുന്നു.
5) കുടുംബാസൂത്രണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക
6) മാതൃ ശിശു ആരോഗ്യ കാര്യങ്ങൾ, സ്ത്രീ ശാക്തീകരണം, കുടുംബക്ഷേമ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.
7) ട്രൈബൽ ആർ.സി.എച്ച് പദ്ധതി പ്രകാരം പട്ടിക വർഗ്ഗ കോളനികളിലെ അമ്മമാർക്കായി പ്രത്യേക ആരോഗ്യ പരിരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നു.

| | | |
|---|---|---|
| | | ഇതുകൂടാതെ കുട്ടികൾക്കായി രോഗ പ്രതിരോധ കുത്തിവയ്പ്പുകൾ, പോഷകാഹാര വിദ്യാഭ്യാസം, സ്കൂൾതല ആരോഗ്യ പരിപാടികൾ, കൗമാര ആരോഗ്യ പരിപാടികൾ, പി.എൻ.ഡി.റ്റി ആക്ട് നടപ്പിലാക്കൽ തുടങ്ങിയവ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ തദ്ദേശഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ അയൽക്കൂട്ടങ്ങൾ മുഖേന സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ പദവി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ നടത്തുന്നുണ്ട്. മറ്റു വകുപ്പുകൾ മുഖേനയും സ്ത്രീകളുടെ ഉന്നമനത്തിനായി ചെറുതും വലുതുമായ പല പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | വിവിധ വകുപ്പുകൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) വനിതാ വികസനവും സ്ത്രീ ശാക്തീകരണവും സംബന്ധിച്ച പരിപാടികളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനും വിവിധ വകുപ്പുകൾ മുഖേന നടത്തുന്ന പരിപാടികൾ ഏകോപിപ്പിക്കുന്നതിനുമായി വിവിധ വകുപ്പുകളുടെ മേധാവികൾ, ജനപ്രതിനിധികൾ, ജെൻഡർ വിദഗ്ധർ തുടങ്ങിയവരെ ഉൾപ്പെടുത്തി സാമൂഹ്യക്ഷേമ മന്ത്രി അദ്ധ്യക്ഷയായി സംസ്ഥാനത്ത് ഒരു ജെൻഡർ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഇതുകൂടാതെ സ്ത്രീ ശാക്തീകരണത്തിനുള്ള വിവിധ വകുപ്പുകളുടെ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ഒരു അഡ്വൈസർ (ജെൻഡർ) സെക്രട്ടറിയേറ്റിലെ സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 87 — 26/11/2008-ൽ മറുപടിയ്ക്ക്**

## രോഗികളെ കിടത്തി ചികിത്സിക്കാനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ രോഗികളെ കിടത്തി സൗജന്യ ചികിത്സ നടത്തുന്നത് നിർത്തലാക്കിയിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) | എങ്കിൽ ഇതിനു പകരമായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതി ഏതാണ്; അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | മറുപടി (എ) യുടെ അടിസ്ഥാനത്തിൽ (ബി) (സി) & (ഡി) യ്ക്ക് മറുപടി ബാധകമല്ല. |
| (സി) | പുതിയ പദ്ധതി പ്രകാരമുള്ള ചികിത്സ സൗജന്യമാക്കുന്നതിന് എന്തു ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | |
| (ഡി) | ഇതിനായി എന്ത് കേന്ദ്ര സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു ; | |
| (ഇ) | രോഗികൾക്ക് ഏതെല്ലാം അസുഖത്തിനാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതെന്നും ഏതെല്ലാം അസുഖങ്ങൾക്ക് പദ്ധതിയുടെ സംരക്ഷണം ലഭ്യമല്ല എന്നും വ്യക്തമാക്കാമോ ? | (ഇ) ബി.പി.എൽ. വിഭാഗത്തിൽപെടുന്ന എല്ലാ രോഗികൾക്കും ലഭ്യമായ എല്ലാ സൗകര്യങ്ങളും സൗജന്യമായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 88 26.11.2008 ൽ മറുപടിക്ക്

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. വേണുഗോപാൽ | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജല വിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടു നിർമ്മിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയോ എന്ന് വെളിപ്പെടുത്തുമോ? | (എ) | പഠനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയോ; ഇല്ലാത്തപക്ഷം അതിനുള്ള നടപടിയെടുക്കുമോ? | (ബി) | പര്യവേക്ഷണത്തിനുള്ള 1,31,25,000 രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പര്യവേക്ഷണത്തിനു ശേഷം മാത്രമേ അണക്കെട്ടു നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.89 | 26.11.2008 -ൽ മറുപടിക്ക് |
|---|---|

## ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യ എണ്ണകളിലും അവശ്യ ഭക്ഷ്യ വസ്തുക്കളിലും വ്യാപകമായ തോതിൽ മായം ചേർത്ത് വിൽപ്പന. നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഭക്ഷ്യ എണ്ണകളിലും അവശ്യ ഭക്ഷ്യ വസ്തുക്കളിലും മായം ചേർത്ത് വില്പന നടത്തുന്നത് ഇപ്പോൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| ബി) മായം ചേർക്കൽ കണ്ടെത്തുവാനും നടപടി സ്വീകരിക്കുവാനും എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത്; | ബി) മായം ചേർക്കൽ നിരോധന നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് മായം ചേർക്കൽ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതിൻ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറെ സ്റ്റേറ്റ് ഫുഡ് അതോറിറ്റി ആയി നിയമിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്രോഗ്രാം ഓഫീസറായി ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ) പ്രവർത്തിക്കുന്നു. സാമ്പിളുകൾ ശേഖരിക്കുന്നതിനും പരിശോധനക്കെടുത്ത് കേസുകൾ കൈകാര്യം ചെയ്യുന്നതിനും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലത്തിൽ ഫുഡ് ഇൻസ്പെക്ടർമാർ പ്രവർത്തിക്കുന്നു. സാമ്പിളുകൾ പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ പ്രവർത്തിച്ചു വരുന്നു. |

| | |
|---|---|
| സി) മായം ചേർക്കൽ കണ്ടെത്തുന്നതിനും കർശന നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | സി) ഭക്ഷണ പദാർത്ഥങ്ങളിലെ മായം തടയുന്നതിന് എല്ലാ ജില്ലകളിലും പരിശോധനാസംവിധാനം നിലവിലുണ്ട്. ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ താലൂക്ക് തലത്തിലും മുനിസിപ്പൽ-കോർപ്പറേഷൻ തല ത്തിലും ഫുഡ് ഇൻസ്പെക്ടർമാർ ഭക്ഷ്യോൽപാദന വിതരണ കേന്ദ്രങ്ങൾ പരിശോധിച്ച് സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധനക്കായി അയക്കുന്നു. മായം ചേർത്തതോ ഗുണനിലവാരമില്ലാത്തതോ ആയ ഭക്ഷണ വസ്തുക്കൾ ശ്രദ്ധയിൽ പ്പെടുന്നപക്ഷം ഉൽപാദകർക്കെതിരെ/ വിതരണക്കാർക്കെതിരെ നിയമ നടപടി കൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 90 | 26..11..2008 - ൽ മറുപടിക്ക്

## ചെറുകിട വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എ. സി. മൊയ്തീൻ;
ശ്രീ. കെ. വി. അബ്ദുൾ ഖാദർ;
ശ്രീ. ടി. പി. കുഞ്ഞുണ്ണി;
ശ്രീ. എം. എം. മോനായി;
ശ്രീ. മഞ്ഞളാംകുഴി അലി;

**ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ യൂണിറ്റുകളെ പുനഃരുജ്ജീവിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) | ചെറുകിട വ്യവസായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും ലാഭകരമായി നടത്തുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പീഢിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ധനസഹായം നൽകുന്നു.<br>2. പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിനാവശ്യമായ മാർജിൻ മണി വായ്പ നൽകുന്നു.,<br>3. യൂണിറ്റുകളാണെങ്കിൽ **restart** ചെയ്യുന്നതിന് **start up expenses** നൽകുന്നു.,<br>4. സർക്കാർ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള നികുതി കുടിശ്ശിക, വൈദ്യുതി ചാർജ്ജ് എന്നിവ അടയ്ക്കുന്നതിന് മൊറട്ടോറിയം നൽകുന്നു.<br>5. യൂണിറ്റ് പുനരാരംഭിച്ച് പ്രവർത്തന സജ്ജമാകുന്നതുവരെ റവന്യൂ റിക്കവറി നടപടി |

| | | | |
|---|---|---|---|
| | | | കൾ മരവിപ്പിയ്ക്കുന്നു.<br>6. പൂട്ടികിടക്കുന്ന വ്യവസായ സ്ഥാപനങ്ങളെ അതിന്റെ ബാദ്ധ്യതകളോടെ ഏറ്റെടുത്ത് അവയുടെ പ്രവർത്തനം ഒറ്റയ്ക്കോ കൂട്ടായോ പുനരാരംഭിക്കുവാൻ സന്നദ്ധരായി മുന്നോട്ട് വരുന്ന വ്യവസായ സംരംഭകർക്ക് എല്ലാവിധ പ്രോത്സാഹനവും നൽകുന്നതാണ്. |
| (ബി) | ചെറുകിട വ്യവസായ യൂണിറ്റുകളിലെ ഉല്പന്നങ്ങൾ 'പ്രൈസ് പ്രിഫറൻസ്' നൽകി വാങ്ങുന്ന പദ്ധതി ഈ സർക്കാർ പുന:സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | (ബി) | ചെറുകിട വ്യവസായ യൂണിറ്റുകളിലെ ഉല്പന്നങ്ങൾ പ്രൈസ് പ്രിഫറൻസ് നൽകി വാങ്ങുന്ന പദ്ധതി **G.O.(P)No.385/2008/Fin. dated 27/08/2008** എന്ന സർക്കാർ ഉത്തരവ് പ്രകാരം പുനസ്ഥാപിച്ചിട്ടുണ്ട്. ( ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു) |
| (സി) | ചെറുകിട സംരംഭകർക്ക് ബാങ്കിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും സഹായം ചെയ്തു കൊടുക്കുന്നുണ്ടോ; | (സി) | ചെറുകിട വ്യവസായ സംരംഭകർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് വ്യവസായ വകുപ്പ് താഴെപ്പറയുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്.<br>1. അധികം സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത ചെറുകിട വ്യവസായങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നു,<br>2. സംരംഭങ്ങൾക്ക് വായ്പ ലഭിയ്ക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾക്കാവശ്യമായ സാദ്ധ്യതാ റിപ്പോർട്ടുകൾ തയ്യാറാക്കി ബാങ്കുകളിലേയ്ക്ക് ശുപാർശ ചെയ്യുന്നു,<br>3. വായ്പ ലഭിയ്ക്കുന്നതു മുതൽ യൂണിറ്റ് ആരംഭിയ്ക്കുന്നതു വരെ ആവശ്യമായ Hand Holding Services സംരംഭകർക്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്..<br>4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിയ്ക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി സംരംഭകർക്ക് മാർജ്ജിൻ 'മണി വായ്പ അനുവദിയ്ക്കുന്നുണ്ട്. |
| (ഡി) | ചെറുകിട സംരംഭകർക്ക് വ്യവസായ ക്ളസ്റ്ററുകൾ രൂപീകരിക്കുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ? | (ഡി) | ചെറുകിട വ്യവസായ സംരംഭകർ ക്ളസ്റ്ററുകൾ രൂപീകരിക്കുന്നതുമൂലം താഴെപ്പറയുന്ന നേട്ടങ്ങളുണ്ട്.<br>1. ക്ളസ്റ്റർ അംഗങ്ങളിൽ പരസ്പര വിശ്വാസം വളർത്തുന്നതിനും അവർ അഭിമുഖീകരിക്കുന്ന പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സാധിക്കുന്നു.<br>2. പൊതുവായ പരിശീലനങ്ങളിലൂടെ ക്ളസ്റ്റർ അംഗങ്ങളുടെ സാങ്കേതിക വൈദഗ്ദ്ധ്യം ഉയർത്തുന്നതിന് കഴിയുന്നു.<br>3. അംഗയൂണിറ്റുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ പൊതുവായി സംഭരിക്കുന്നതിനും അതുവഴി അസംസ്കൃത വസ്തുക്കൾ ലാഭകരമായി വാങ്ങാനും കഴിയുന്നു.<br>4. അംഗയൂണിറ്റുകൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ പൊതുവായ ബ്രാന്റിൽ വിൽക്കുന്നതിന് സഹായകമാകുന്നു.<br>5. അംഗയൂണിറ്റുകളുടെ പൊതുവായ ആവശ്യത്തിന് കോമൺ ഫെസിലിറ്റി സെന്റർ, മിനി ടൂൾ റൂം, ടെസ്റ്റിംഗ് സൗകര്യങ്ങൾ, ട്രെയിനിംഗ് സെന്ററുകൾ, എക്സിബിഷൻ സെന്ററുകൾ, പൊതുവായ റോമെറ്റീരിയൽ ബാങ്ക് എന്നിവ കേന്ദ്ര- |

| | | |
|---|---|---|
| | | സംസ്ഥാന സർക്കാരുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെ ആരംഭിയ്ക്കുവാൻ സാധിക്കുന്നു. സംസ്ഥാനത്ത് നാളിതുവരെ അത്തരം 46 ക്ളസ്റ്ററുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.